2023
MARCH
28
TUESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

വയബീൻ
WAYA BEAN WAYANADAN PRODUCTS
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

## ബിപിസിഎൽ 7000 ഇവി ചാർജിങ് പോയിന്റ് ഒരുക്കും




**കൊച്ചി:** വൈദ്യുത വാഹനങ്ങൾക്കായി രണ്ടു വർഷത്തിനുള്ളിൽ രാജ്യത്ത് ഏഴായിരത്തിലധികം ചാർജിങ് പോയിന്റുകൾ ഒരുക്കുമെന്ന് ഭാരത് പെട്രോളിയം കോർപറേഷൻ ലിമിറ്റഡ്(ബിപിസിഎൽ). നിലവിൽ 30,000 കിലോമീറ്ററിൽ 60 ഇവി ചാർജിങ് കോറിഡോർ ഒരുക്കിയിട്ടുണ്ട്. 100 കോറിഡോറുകളുടെ പണി പൂർത്തിയായി വരുന്നു. ഓരോ 100 കിലോമീറ്ററിലും ഒരു ചാർജിങ് സ്റ്റേഷൻ എന്ന രീതിയിലാണ് കോറിഡോർ. കേരളത്തിൽ 19 ചാർജിങ് സ്റ്റേഷനുകളുമായി മൂന്നു കോറിഡോർ തുറക്കും.

കൊച്ചി, തിരുവനന്തപുരം, കൊച്ചി, മൂന്നാർ, കൊച്ചി തേക്കടി കോറിഡോറുകൾ 4 മാസത്തിനുള്ളിൽ ആരംഭിക്കും. അടുത്തവർഷം അങ്കമാലി തിരുവനന്തപുരം ഹൈവേ റൂട്ടിലും ചാർജിങ് സ്റ്റേഷനുകൾ തുടങ്ങും. 125 കിലോമീറ്റർ വരെ റേഞ്ച് കിട്ടുന്ന രീതിയിൽ വൈദ്യുത വാഹനം ചാർജ് ചെയ്യാൻ 30 മിനിറ്റ് എടുക്കും.

'ഹലോബിപിസിഎൽ' ആപ്പ് വഴിയാണ് ഇലക്ട്രിക് ചാർജിങ് സ്റ്റേഷനുകളുടെ പ്രവർത്തനം. ഈ മാസം അവസാനത്തോടെ 200 ഹൈവേകൾ അതിവേഗ വാഹന ചാർജിങ് സൗകര്യമുള്ളവയാക്കി മാറ്റുമെന്നും ബിപിസിഎൽ അറിയിച്ചു.

എഥനോൾ ചേർത്ത പെട്രോളിന്റെ വിൽപന പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എണ്ണക്കമ്പനികൾ 130 ഡിസ്റ്റിലറികളുമായി കരാർ ഒപ്പുവച്ചിട്ടുണ്ടെന്ന് ബിപിസിഎൽ എക്സിക്യൂട്ടീവ് ഡയറക്ടർ പി.എസ്.രവി പറഞ്ഞു.

# സൗദിയിൽ ഉംറ തീർഥാടകർ സഞ്ചരിച്ച ബസ് മറിഞ്ഞ് തീപിടിച്ചു; 21 മരണം



റിയാദ്: സൗദിയിൽ ഉംറ തീർഥാടകർ സഞ്ചരിച്ച ബസ് മറിഞ്ഞ് തീപിടിച്ച് 21 മരണം. അപകടത്തിൽ പെട്ടവരിൽ അധികവും ബംഗ്ലദേശുകാരാണ്. പാലത്തിൽ ഇടിച്ചുമറിഞ്ഞ ബസിന് തീപിടിക്കുകയായിരുന്നു. മരിച്ചവരിൽ ഇന്ത്യക്കാരുമുണ്ടെന്നാണ് പ്രാഥമിക നിഗമനം. 29 പേർക്കു പരുക്കേറ്റെന്ന് അറബ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ബംഗ്ലദേശ്, പാക്കിസ്ഥാൻ സ്വദേശികളാണ് ബസിൽ കൂടുതലും ഉണ്ടായിരുന്നത്. ഏഷ്യക്കാർ നടത്തുന്ന ഉംറ ഗ്രൂപ്പിന് കീഴിൽ തീർഥാടനത്തിന് പുറപ്പെട്ടവരാണിവർ. ഖമീസ് മുശൈത്തിൽനിന്ന് മക്കയിലേയ്ക്ക് ഉംറ നിർവഹിക്കുന്നതിന് പുറപ്പെട്ടവരുടെ ബസാണ് അസീറിന് വടക്ക് അഖബ ഷാറിലെ മഹായിൽ ചുരത്തിൽ തിങ്കളാഴ്ച വൈകിട്ട് അഞ്ചരയോടെ അപകടത്തിൽ പ്പെട്ടതെന്ന് പൊലീസ് അറിയിച്ചു.

ബസിന്റെ ബ്രേക്ക് നഷ്ടപ്പെട്ടതോടെ പാലത്തിൽ ഇടിക്കുകയായിരുന്നു. അപകടത്തിന്റെ വിഡിയോ പുറത്തുവന്നു. സിവിൽ ഡിഫൻസ് ടീമുകളും റെഡ് ക്രെസന്റും സുരക്ഷാ അധികാരികളും അപകടസ്ഥലത്തെത്തി രക്ഷാപ്രവർത്തനം നടത്തി. പരുക്കേറ്റവരെ അബഹയിലെ അസീർ ആശുപത്രി, അബഹ സ്വകാര്യ ആശുപത്രി, സൗദി ജർമൻ ആശുപത്രി എന്നിവിടങ്ങളിൽ പ്രവേശിപ്പിച്ചു.

## ഹിൻഡൻബർഗ് കുരുക്കിൽ ജാക്ക് ഡോർസി കമ്പനിയും




**ന്യൂയോർക്ക്:** ടിറ്റർ സഹസ്ഥാപകനും മുൻ സിഇഒയും ആയ ജാക്ക് ഡോർസിയുടെ പേയ്മെന്റ് സ്ഥാപനമായ 'ബ്ലോക്ക്' കണക്കിൽ കൃത്രിമം കാണിച്ച് ഓഹരിവില പെരുപ്പിച്ചുകാട്ടിയെന്ന് ഹിൻഡൻബർഗ് റിപ്പോർട്ട്. ഇടപാടുകാരുടെ എണ്ണം പെരുപ്പിച്ചുകാട്ടിയും ചെലവുകൾ കുറച്ചുകാണിച്ചും 'ബ്ലോക്ക്' വിപണിയിൽ നേട്ടമുണ്ടാക്കാൻ ശ്രമിച്ചതായി 2 വർഷത്തെ അന്വേഷണത്തിൽ കണ്ടെത്തിയെന്ന് യുഎസ് ഷോർട് സെല്ലറായ ഹിൻഡൻബർഗിന്റെ റിപ്പോർട്ടിൽ പറയുന്നു.

പരിശോധിച്ചവയിൽ 40,75% അക്കൗണ്ടുകളും വ്യാജമായിരുന്നു. ഒരാളുടെ പേരിൽ തന്നെ ഒട്ടേറെ അക്കൗണ്ടുകൾ ഉണ്ടായിരുന്നു. റിപ്പോർട്ട് പുറത്തായതിനെ തുടർന്ന് 'ബ്ലോക്ക്' ഓഹരി വിലയിൽ 18% ഇടിവുണ്ടായി. ബ്ലോക്ക് ഓഹരികളിൽ ഷോർട് സെല്ലിങ് നടത്തിയതായും ഹിൻഡൻബർഗ് അറിയിച്ചു. ഒർടെക്സ് ഡേറ്റ അനുസരിച്ച് ബുധനാഴ്ച 'ബ്ലോക്കി'ന്റെ 5.2% ഓഹരികൾ ഷോർട് പൊസിഷനിലാണ്. റിപ്പോർട്ടിനോട് 'ബ്ലോക്ക്' പ്രതികരിച്ചിട്ടില്ല. ഇന്ത്യയിലെ അദാനി ഗ്രൂപ്പിലെ ക്രമക്കേടുകളെക്കുറിച്ച് ഹിൻഡൻബർഗ് ഈയിടെ പുറത്തുവിട്ട റിപ്പോർട്ടിനെ തുടർന്ന് അദാനി ഗ്രൂപ്പ് ഓഹരികളുടെ മൂല്യത്തിൽ വൻ ഇടിവുപറ്റിയിരുന്നു.

## പലിശനിരക്ക് കൂട്ടി ഫെഡ് റിസർവും ബാങ്ക് ഓഫ് ഇംഗ്ലണ്ടും

**വാഷിങ്ടൻ:** ബാങ്കിങ് തകർച്ച ഉയർത്തുന്ന ആശങ്കയ്ക്കിടയിലും വിലക്കയറ്റം പിടിച്ചുനിർത്താൻ പലിശ നിരക്ക് ഉയർത്തി യുഎസിലെ കേന്ദ്ര ബാങ്കായ ഫെഡറൽ റിസർവും, യുകെയിലെ ബാങ്ക് ഓഫ് ഇംഗ്ലണ്ടും. കാൽ ശതമാനം വീതം വർധനയാണ് ഇരുബാങ്കുകളും വരുത്തിയത്. ഇതോടെ ഫെഡ് റിസർവ് പലിശ നിരക്ക് 5 ശതമാനമായി. 2007 സെപ്റ്റംബറിനു ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. തൊട്ടു മുൻപത്തെ തവണയും. 25% വർധന വരുത്തിയിരുന്നു. പണപ്പെരുപ്പം വരുതിയിലാക്കാൻ നിയന്ത്രണങ്ങൾ തുടരുമെന്നാണ് ഫെഡ് റിസർവ് നൽകുന്ന സൂചന.




എന്നാൽ സിലിക്കൺ വാലി ബാങ്ക്, സിഗ്നേച്ചർ ബാങ്ക് എന്നിവയുടെ തകർച്ചയുടെ പശ്ചാത്തലത്തിൽ വീണ്ടുമൊരു നിരക്കു വർധനയെക്കുറിച്ച് ശക്തമായ പരാമർശങ്ങൾ ഫെഡ് റിസർവ് നടത്തിയില്ല. ഈ വർഷം അവസാനത്തോടെ .25 ശതമാനത്തിന്റെ കൂടി വർധന മാത്രമേ പ്രതീക്ഷിക്കുന്നുള്ളൂ. കഴിഞ്ഞ മാസത്തെ വിലക്കയറ്റം കൈവിട്ടുപോയെങ്കിലും പണപ്പെരുപ്പം ഉദ്ദേശിച്ചതിനേക്കാൾ വേഗം വരുതിയിലാക്കാൻ സാധിക്കുമെന്നാണ് ബാങ്ക് ഓഫ് ഇംഗ്ലണ്ടിന്റെ വിലയിരുത്തൽ. ഫെബ്രുവരിയിലെ വിലക്കയറ്റത്തോത് 10.4 ശതമാനമാണ്. .25 ശതമാനം കൂട്ടിയതോടെ പലിശ നിരക്ക് 4.25 ശതമാനമായി.

14 വർഷത്തിനിടയിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. യുഎസിലെ ബാങ്കുകളുടെ സാമ്പത്തിക അടിത്തറ ശക്തമാണെന്ന് ഫെഡ് റിസർവ് ചെയർമാൻ ജെറോം പവൽ ചൂണ്ടിക്കാട്ടി. സിലിക്കൺ വാലി ബാങ്കിന്റെ തകർച്ച ഒഴിവാക്കുന്നതിൽ മാനേജ്മെന്റ് പരാജയപ്പെട്ടു. അതുകൊണ്ട് മൊത്തം ബാങ്കിങ് സംവിധാനങ്ങളും ദുർബലമാണെന്ന് അർഥമില്ലെന്നും അദ്ദേഹം പറഞ്ഞു. ഫെഡ് റിസർവ് തീരുമാനം വന്നതിനു പിന്നാലെ യുഎസിലെ ഓഹരി വിപണികളിൽ തകർച്ച രേഖപ്പെടുത്തി.





## വയനാട് ഗവ. മെഡിക്കൽ കോളജ് ആശുപത്രിയിൽ കാത്ത് ലാബ്, കെട്ടിടം ഉദ്ഘാടനം 2ന്

**മാനന്തവാടി:** വയനാട് മെഡിക്കൽ കോളജ് ആശുപത്രിയിൽ കാത്ത് ലാബും മൾട്ടി സ്പെഷൽറ്റി കെട്ടിടവും ഒരുങ്ങി. പുതിയതായി നിർമിച്ച 7 നില മൾട്ടി പർപസ് സൂപ്പർ സ്പെഷൽറ്റി കെട്ടിടവും കാത്ത് ലാബും ഏപ്രിൽ 2നു മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിക്കും. മന്ത്രിമാരായ വീണാ ജോർജ്, പി.എ. മുഹമ്മദ് റിയാസ്, എ.കെ. ശശീന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും. 45 കോടി രൂപ ചെലവിലാണ് 7 നില കെട്ടിടം നിർമിച്ചത്.

മെഡിക്കൽ ഒപി, എക്സറേ, റേഡിയോളജി, നെഫ്രോളജി, ഡയാലിസിസ് സെന്റർ, സ്ത്രി, പുരുഷ വാർഡുകൾ, പാർക്കിങ് സൗകര്യം എന്നിവയാണ് പുതിയ കെട്ടിടത്തിൽ സജ്ജീകരിച്ചിരിക്കുന്നത്. 8 കോടി രൂപ ചെലവിലാണ് കാത്ത് ലാബ് നിർമിച്ചത്. കലക്ടർ ഡോ. രേണുരാജ് കൺവീനറും ഒ.ആർ കേളു എംഎൽഎ ചെയർമാനുമായി സ്വാഗതസംഘം രൂപീകരിച്ചു. രൂപീകരണ യോഗത്തിൽ കലക്ടർ രേണു രാജ്, ഒ.ആർ. കേളു എംഎൽഎ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, നഗരസഭാ അധ്യക്ഷ സി.കെ രത്നവല്ലി തുടങ്ങിയവർ പങ്കെടുത്തു.



## പന്നി കർഷകർക്ക് നഷ്ടപരിഹാര തുക വിതരണം ചെയ്തു

ആഫ്രിക്കൻ പന്നിപ്പനി സ്ഥിരീകരിച്ചതിനാൽ പന്നികളെ കൊന്ന് അണുനശീകരണം നടത്തിയതിന്റെ ഭാഗമായി നഷ്ടം സംഭവിച്ച എൻമകജെ പഞ്ചായത്തിലെ കർഷകർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തു. മൃഗസംരക്ഷണ വകുപ്പ് നൽകുന്ന നഷ്ടപരിഹാരത്തുകയുടെ വിതരണം കാഞ്ഞങ്ങാട് റോയൽ റസിഡൻസി ഹാളിൽ മൃഗസംരക്ഷണ, മൃഗശാല, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിച്ചു. ഇ.ചന്ദ്രശേഖരൻ എം.എൽ.എ അധ്യക്ഷത വഹിച്ചു. മൃഗസംരക്ഷണ വകുപ്പിന്റെ കോർപസ് ഫണ്ടിൽ നിന്നു 30.82 ലക്ഷം രൂപയാണ് വിതരണം ചെയ്തത്. പന്നിപ്പനി സ്ഥിരീകരിച്ചതിനെ തുടർന്ന് ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡപ്രകാരം 494 പന്നികളെ കൊന്ന് ശാസ്ത്രീയമായി അണുനശീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു.

രോഗ നിയന്ത്രണത്തിന്റെ ഭാഗമായി പന്നികളെ കൊന്നൊടുക്കുന്നതിനും ശാസ്ത്രീയമായി സംസ്കരിച്ച് അണുശീകരണം നടത്തുന്നതിനും ഉൾപ്പെടെ നേതൃത്വം നൽകിയ മൃഗസംരക്ഷണ വകുപ്പ് ദ്രുതകർമ്മ സേനാംഗങ്ങളെ ചടങ്ങിൽ ആദരിച്ചു. എൻമകജെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെ.എസ്. സോമശേഖര, ജന്തുരോഗ നിയന്ത്രണ വിഭാഗം ജില്ലാ കോഓർഡിനേറ്റർ ഡോ.എസ്.മഞ്ജു, ചീഫ് വെറ്ററിനറി ഓഫീസർ ഡോ.ജയപ്രകാശ്, പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രം അസിസ്റ്റന്റ് പ്രൊജക്റ്റ് ഓഫീസർമാരായ ഡോ.അബ്ദുൾ വാഹിദ്, ഡോ.ജി.കെ.മഹേഷ്, ഡോ.ശ്രീവിദ്യ നമ്പ്യാർ, ആർ.ആർ.ടി തലവൻ ഡോ.വി.വി.പ്രദീപ്കുമാർ എന്നിവർ സംസാരിച്ചു.

# വേനൽ മഴയും കനിയുന്നില്ല; ജലക്ഷാമവും കൃഷിനാശവും



**കണ്ണൂർ:** സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ചൂട് അനുഭവപ്പെടുന്ന ജില്ലകളിലൊന്നായ കണ്ണൂരിനു മേൽ വേനൽ മഴയും കനിയുന്നില്ല. സംസ്ഥാനത്ത് മാർച്ച് മാസത്തിൽ വേനൽമഴ രേഖപ്പെടുത്താത്തത് കണ്ണൂരിലും മാഹിയിലും മാത്രമാണ്. സംസ്ഥാനത്താകെ ഇത്തവണ വേനൽമഴ കുറവാണെങ്കിലും മറ്റു ജില്ലകളിൽ ചെറിയ തോതിൽ മഴ ലഭിച്ചു. വേനൽമഴ ലഭിക്കാത്തതോടെ ജില്ലയിലെ കാർഷിക മേഖല വലിയ പ്രതിസന്ധിയിലായി. വിളകളുടെ ഉൽപാദനം കുറഞ്ഞു. കമുക് ഉൾപ്പെടെയുള്ള കൃഷി നശിക്കുകയാണ്. ജില്ലയുടെ പല ഭാഗത്തും ജലക്ഷാമവുമുണ്ട്.

കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ മുൻവർഷങ്ങളിലെ കണക്കുപ്രകാരം കണ്ണൂരിൽ ഇക്കാലയളവിൽ 13.9 മില്ലിമീറ്റർ മഴ ലഭിച്ചിരുന്നു. അതേസമയം ഈ വർഷം ഒരു മില്ലിമീറ്റർ മഴ പോലും റെക്കോർഡ് ചെയ്തിട്ടില്ല. മാഹിയിൽ 15.4 മില്ലിമീറ്റർ മഴയും ഇക്കാലയളവിൽ സാധാരണ ലഭിക്കാറുണ്ടായിരുന്നു. തുലാവർഷം കുറഞ്ഞതും ജില്ലയിലെ ജലസ്രോതസ്സുകൾ വറ്റാനും കൃഷിനാശത്തിനും കാരണമായിട്ടുണ്ട്. ദീർഘകാല ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ ജില്ലയിൽ രേഖപ്പെടുത്തിയ തുലാവർഷ മഴയിൽ 41 ശതമാനം കുറവാണുണ്ടായത്.

സംസ്ഥാനതലത്തിൽ മൂന്നു ശതമാനം മാത്രമാണു കുറവ്. 231.3 മില്ലിമീറ്റർ മഴ മാത്രമാണ് തുലാവർഷത്തിൽ പെയ്തത്. ജനുവരി മുതൽ കഴിഞ്ഞ 25 വരെ ജില്ലയിൽ രേഖപ്പെടുത്തിയ മഴയുടെ അളവ് 24.2 മില്ലിമീറ്റർ മാത്രമാണ്. ഇത് മുൻ വർഷങ്ങളിലെ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ 38 ശതമാനം കുറവാണ്.

വേനൽമഴ ലഭിക്കാത്തതും പലദിവസങ്ങളിലും 40 ഡിഗ്രിക്കു മുകളിൽ ചൂട് അനുഭവപ്പെടുന്നതും കാർഷികമേഖലയെ വലിയ പ്രതിസന്ധിയിലാക്കി. വൈകിവിരിഞ്ഞ കശുമാവിൻ പൂക്കളെല്ലാം കരിഞ്ഞുപോയതിനാൽ വിളവു കുറഞ്ഞു. കാലാവസ്ഥാ വ്യതിയാനം മൂലം ഇത്തവണ കശുമാവുകൾ വൈകിയാണു പൂവിട്ടത്.

ജലലഭ്യത കുറഞ്ഞതോടെ പച്ചക്കറി, വാഴ കൃഷികളും കരിഞ്ഞുണങ്ങി. തുലാമഴ കുറഞ്ഞതിനാലും ചൂടു കൂടിയതിനാലും മാവിലും പ്ലാവിലും ഫലം കുത്തനെ കുറഞ്ഞു. അടയ്ക്കാത്തോട്ടങ്ങൾ പകുതിയിലേറെ കരിഞ്ഞുണങ്ങി. വരൾച്ച ശക്തമായതോടെ കരിഞ്ഞ നെല്ല്, പ്രായമാകും മുൻപ് കൊയ്യേണ്ട സ്ഥിതിയുമുണ്ട്.

കാലാവസ്ഥാ വകുപ്പിന്റെ കണക്കുകൾ പ്രകാരം വയനാട്, പത്തനംതിട്ട, ഇടുക്കി ജില്ലകളിൽ മാത്രമാണ് ഇത്തവണ ആവശ്യത്തിലധികം വേനൽമഴ ലഭിച്ചത്. 74.9 മില്ലിമീറ്റർ മഴയാണ് പത്തനംതിട്ട ജില്ലയിൽ മാർച്ച് മാസത്തിൽ ലഭിച്ചത്.

സാധാരണ ഈ കാലയളവിൽ ജില്ലയിൽ ലഭിക്കുന്ന മഴ 50.3 മില്ലിമീറ്ററാണ്. ഇടുക്കിയിൽ 40.9 മില്ലിമീറ്റർ മഴ ലഭിച്ചു. സാധാരണ 37.6 മില്ലിമീറ്റർ മഴയാണ് ലഭിച്ചിരുന്നത്. വയനാട്ടിൽ സാധാരണ 18.6 മില്ലിമീറ്റർ മഴയാണ് മുൻവർഷങ്ങളിൽ ലഭിച്ചിരുന്നതെങ്കിൽ ഇത്തവണ നേരിയ വർധനയുണ്ടായി, 18.7 മില്ലിമീറ്റർ.





# എന്റെ കേരളം പ്രദർശന വിപണനമേള ഇടുക്കിയിൽ

എന്റെ കേരളം പ്രദർശന വിപണനമേളയുടെ രണ്ടാം എഡിഷൻ ഏപ്രിൽ 28 മുതൽ മെയ് 4 വരെ ജില്ലാ ആസ്ഥാനത്ത് സംഘടിപ്പിക്കും . ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന സർവകക്ഷി യോഗമാണ് തീരുമാനം കൈക്കൊണ്ടത് . വാഴത്തോപ്പ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മൈതാനത്ത് ഏഴ് ദിവസം നീണ്ടുനിൽക്കുന്ന പരിപാടികളാണ് സംഘടിപ്പിക്കുക . വിവിധ വകുപ്പുകളുടെ സേവനങ്ങൾ , പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ എന്നിവ ലഭ്യമാക്കുന്ന സ്റ്റാളുകൾ മേളയിൽ ഉണ്ടാകും. കൂടാതെ വാണിജ്യ സ്റ്റാളുകളും മേളയുടെ ഭാഗമാകും. ടൂറിസം , വ്യവസായം , കൃഷി തുടങ്ങിയ പ്രധാന മേഖലകൾ തിരിച്ച് സെമിനാറുകൾ , കോളേജ് വിദ്യാർത്ഥികൾക്കായി വിദഗ്ധരുടെ ക്ലാസുകൾ എന്നിവയുമുണ്ടാകും.

കൂടാതെ പ്രാദേശിക കലാ സംഘങ്ങൾക്കും മേളയിൽ അവസരം ലഭിക്കും . എല്ലാ ദിവസവും പ്രഫഷണൽ കലാ സംഘങ്ങളുടെ പരിപാടികളും അരങ്ങേറും. ഏപ്രിൽ 28 ന് ചെറുതോണിയിൽ നിന്ന് ആരംഭിച്ച് വാഴത്തോപ്പ് സ്കൂളിലെ മേള നഗരിയിൽ എത്തുന്ന സാംസ്കാരിക ഘോഷയാത്രയോടെയാകും എന്റെ കേരളം പരിപാടിക്ക് തുടക്കമാകുക .

യോഗത്തിൽ എംഎം മണി എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ടി ബിനു, ജില്ലാ കളക്ടർ ഷീബ ജോർജ്ജ്, അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് ഷൈജു പി ജേക്കബ്, സബ് കളക്ടർമാരായ ഡോ.അരുൺ എസ് നായർ, രാഹുൽകൃഷ്ണശ്ശർമ, പിആർഡി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ കെ ആർ പ്രമോദ് കുമാർ , ജില്ലാ ഇൻഫർമേഷൻ ഓഫീസർ വിനോദ് ജി.എസ്, ജില്ലാ തല വകുപ്പ് മേധാവികൾ, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, വിവിധ രാഷ്ട്രീയ സാമൂഹ്യ സംഘടനകളുടെ പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# പനി ബാധിതരിൽ കോവിഡ് ടെസ്റ്റ് നടത്താതെ ആശുപത്രികൾ

**ആലപ്പുഴ:** പനി ബാധിതരായി ഒട്ടേറെയാളുകൾ ആശുപത്രികളിൽ ചികിത്സ തേടുമ്പോഴും കോവിഡ് ആണോയെന്ന പരിശോധന കുറവാണ്. ഇപ്പോൾ ദിവസേന ശരാശരി 10, 15 പേർ ജില്ലയിൽ കോവിഡ് പോസിറ്റീവ് ആകുന്നുണ്ട്.

കേസുകൾ ഉയരുമ്പോൾ, സംസ്ഥാനത്തൊരിടത്തും സർക്കാർ മേഖലയിൽ കോവിഡ് വാക്സീൻ സ്റ്റോക്കില്ല.ജില്ലയിൽ ജനുവരിയിൽ വാക്സീൻ എത്തിച്ചിരുന്നെങ്കിലും അതും തീർന്നു. കോവിഡ് കേസുകൾ വർധിക്കുന്ന സാഹചര്യത്തിൽ മോക്ഡ്രിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഏപ്രിൽ 10,11 തീയതികളിലാണു മോക്ഡ്രിൽ. ആശുപത്രികളിൽ കിടക്കകൾ, ഓക്സിജന്റെയും മരുന്നിന്റെയും സ്ഥിതി, പരിശോധന തുടങ്ങിയവ മോക്ഡ്രില്ലിൽ വിലയിരുത്തും.

കോവിഡ് ലക്ഷണങ്ങളോടെ കടുത്ത പനിയുമായി ആശുപത്രികളിൽ എത്തുന്നവരെ മാത്രമാണു കോവിഡ് പരിശോധനയ്ക്കു വിധേയരാക്കുന്നത്. കോവിഡ് വീണ്ടും കൂടിയതോടെ ബൂസ്റ്റർ ഡോസിനും മറ്റുമായി പലരും സർക്കാർ ആശുപത്രികളെ സമീപിക്കുന്നുണ്ട്. എന്നാൽ പലയിടത്തും വാക്സീൻ സ്റ്റോക്കില്ല. മുൻപു വാക്സീൻ ഉണ്ടായിരുന്നപ്പോൾ, പല ദിവസങ്ങളിലും സ്വീകരിക്കാൻ ആളില്ലായിരുന്നു. പൊട്ടിച്ച കുപ്പികൾ അങ്ങനെ ഉപയോഗശൂന്യമായി.

# എംപ്ലോയബിലിറ്റി സെന്റർ തൊഴിൽ മേള; 2500 പേർക്ക് പ്ലേസ്മെന്റ്

**കൊല്ലം:** ജില്ലാ എംപ്ലോയബിലിറ്റി സെന്റർ മുഖേന നടത്തിയ തൊഴിൽമേളകൾ വഴി 2500 ൽ അധികം പേർക്ക് പ്ലേസ്മെന്റ് ലഭിച്ചതായി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു. രണ്ടുപ്രാവശ്യം വീതം നിയുക്തി മെഗാ, ദിശ മിനി ജോബ് ഫെയറുകൾ ജില്ലയിൽ സംഘടിപ്പിച്ചത് വഴി യഥാക്രമം 2000, 500 പേർക്ക് പ്ലേസ്മെന്റ് ലഭിച്ചു. ഇത്തരം തൊഴിൽ മേളകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യുന്നതിന് ആരംഭിച്ച വെബ്സൈറ്റിൽ 75ലധികം ഉദ്യോഗദായകരും 5500ത്തിൽ അധികം ഉദ്യോഗാർഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. 4000ത്തോളം ഒഴിവുകൾ നോട്ടിഫൈ ചെയ്യാനും സാധിച്ചു.

കൂടാതെ, ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നേതൃത്വത്തിൽ പട്ടികജാതി പട്ടികവർഗ ഉദ്യോഗാർഥികൾക്കായി സമന്വയ എന്ന പേരിൽ ക്യാമ്പ് രജിസ്ട്രേഷനും ബോധവത്ക്കരണ ക്ലാസും സംഘടിപ്പിച്ചു. കരിയർ സെമിനാറുകൾ, പി എസ് സി മത്സരപരീക്ഷ പരിശീലനം, എസ് സി എ എസ് സി പി കോഴ്സുകൾ എന്നിവയും നടത്തിവരുന്നു. മൾട്ടിപർപ്പസ്, ശരണ്യ, കൈവല്യ, നവജീവൻ എന്നീ സ്വയംതൊഴിൽ പദ്ധതികൾക്കായി 600 ഓളം യൂണിറ്റുകൾക്ക് ഏകദേശം 16 ലക്ഷം രൂപയും ശരണ്യ പദ്ധതിക്ക് മാത്രമായി ഇതുവരെ 1.27 കോടി രൂപ സബ്സിഡിയായും അനുവദിച്ചിട്ടുണ്ട്

# മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്റർ നാടിന് സമർപ്പിച്ചു

**കൊല്ലം:** തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ രണ്ടാം വാർഷികാഘോഷവും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ സെന്ററിന്റെ ഉദ്ഘാടനവും സുജിത്ത് വിജയൻപിള്ള എം എൽ എ നിർവഹിച്ചു.

ഉപയോഗ ശേഷം പ്ലാസ്റ്റിക് മാലിന്യങ്ങൾ വലിച്ചെറിയാതെ പുനചംക്രമണവും പുനരുപയോഗവും സാധ്യമാക്കാമെന്ന് എം എൽ എ പറഞ്ഞു.

നടയ്ക്കാവ് മാർക്കറ്റ് മൈതാനിയിൽ നടന്ന പരിപാടിയിൽ തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് തങ്കച്ചി പ്രഭാകരൻ അധ്യക്ഷയായി.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സന്തോഷ് തുപ്പാശ്ശേരി, ജില്ലാ പഞ്ചായത്ത് മെമ്പർ എസ് സോമൻ , ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജോസ് വിമൽ രാജ്, ഷാജി എസ് പള്ളിപ്പാടൻ, വൈസ് പ്രസിഡന്റ് കെ പ്രഭാകരൻ പിള്ള, സജുമോൻ വാൻഡ്രോസ്, സന്ധ്യാമോൾ , അപർണ, ഗ്രാമപഞ്ചായത്ത് അംഗങ്ങളായ പ്രദീപ് എസ് പുല്യാഴം, ഉണ്ണികൃഷ്ണപിള്ള, എസ് സീതാലക്ഷമി, എസ് മീന, പി സ്മിത, ഐ സിന്ധു മോൾ, സെക്രട്ടറി എസ് പ്രേംശങ്കർ തുടങ്ങിയവർ പങ്കെടുത്തു.

# വൈക്കം സത്യഗ്രഹ ശതാബ്ദി പരിപാടിക്ക് ഒരു ലക്ഷം പേർ

**വൈക്കം:** വൈക്കം സത്യഗ്രഹ ശതാബ്ദി ആഘോഷത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ ഒരു ലക്ഷം പേരെ പങ്കെടുപ്പിക്കാൻ സർക്കാർ ശ്രമം. ഏപ്രിൽ ഒന്നിന് 3ന് മുഖ്യമന്ത്രി പിണറായി വിജയൻ, തമിഴ്നാട് മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ എന്നിവർ വൈക്കം ബീച്ച് മൈതാനിയിൽ ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യും. ഒരു ലക്ഷത്തിൽ, 44000 കുടുംബശ്രീ അംഗങ്ങൾ ഉൾപ്പെടും. 6.5ഏക്കർ വിസ്തൃതിയുള്ള ബീച്ചിന്റെ പകുതിയോളം സ്ഥലം കാടുകയറി ഉപയോഗശൂന്യമായ നിലയിലായിരുന്നു.

ഇവിടത്തെ കാടുകൾ നീക്കം ചെയ്ത് പൂഴിമണ്ണ് ഇറക്കി ഉയർത്തി നിരത്തി. 29ന് പന്തലിന്റെ നിർമാണം പൂർത്തീകരിക്കും.സമ്മേളനത്തിൽ പങ്കെടുക്കാൻ എത്തുന്നവരുടെ വാഹനം പാർക്ക് ചെയ്യുന്നതിനായി താലൂക്കിന്റെ വിവിധ ഭാഗങ്ങളിലായി ഒട്ടേറെ കേന്ദ്രങ്ങളാണ് ഒരുക്കിയിട്ടുള്ളത്. 2000ൽ അധികം വാഹനങ്ങൾക്കാണ് പാർക്കിങ് ഒരുക്കിയിരിക്കുന്നത്.



വൈക്കം തവണക്കടവ് ജങ്കാർ സർവീസ് ഉണ്ടായിരിക്കില്ല. ബോട്ടുകൾ കൂടുതൽ സർവീസ് നടത്തും. വൈക്കത്തേക്ക് വിവിധ സ്ഥലങ്ങളിൽ നിന്നു കൂടുതൽ കെഎസ്ആർടിസി ബസുകൾ സർവീസ് നടത്തും. എറണാകുളം ഭാഗത്തു നിന്നു സമ്മേളന വേദിയിലേക്ക് അല്ലാതെ വരുന്ന വാഹനങ്ങൾ എറണാകുളം ജില്ലയിലെ പുത്തൻകാവിൽ നിന്നു തിരിഞ്ഞ് തലയോലപ്പറമ്പിൽ എത്തി പോകണം.വെച്ചൂർ ഭാഗത്തു നിന്നു വരുന്ന വാഹനങ്ങൾ ഇടയാഴത്തു നിന്നു തിരിഞ്ഞ് കല്ലറ വഴി പോകണം. ഇടയാഴത്തിനും വൈക്കം തെക്കേനടയ്ക്കും ഇടയിലുള്ള വാഹനങ്ങൾ പുളിഞ്ചുവടുവഴി തലയോലപ്പറമ്പ് ഭാഗത്തേക്കു പോകണം. വെച്ചൂർ ഭാഗത്തേക്കു പോകേണ്ട വാഹനങ്ങൾ മുരിയൻകുളങ്ങര, കവരപ്പാടി, ചേരുംചുവട് വഴി തിരിഞ്ഞു പോകണം. ടിവിപുരം ഭാഗത്തു നിന്നു വരുന്ന വാഹനങ്ങൾ തോട്ടുവക്കത്തു നിന്നു തിരിഞ്ഞ് തെക്കേ നടയിൽ എത്തി പുളിഞ്ചുവടുവഴി തിരിഞ്ഞു പോകണം. സമ്മേളന നഗറിലേക്ക് ഉച്ചയ്ക്കു 2നു ശേഷം വരുന്ന വാഹനങ്ങൾ തോട്ടുവക്കത്ത് ആളെ ഇറക്കി മടങ്ങണം.

വേദിയുടെ വിവിധ കേന്ദ്രങ്ങളിലായി 300 എംഎൽ 10,000കുപ്പി വെള്ളം ഒരുക്കും. ഇതിന്റെ വിതരണത്തിനായി എസ്പിസി കുട്ടികളെ നിയോഗിച്ചിട്ടുണ്ട്.

വേദിയുടെ പ്രവേശന കവാടത്തിനു സമീപമായി 20 താൽക്കാലിക ശുചിമുറിയും ഇതിലേക്ക് ആവശ്യാനുസരണം വെള്ളം എത്തിക്കുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.വിവിധ കുടുംബശ്രീ യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്വയംതൊഴിൽ സംരംഭ ഉൽപന്ന വിപണനവും, പ്രദർശനവും ഉണ്ടാകും, കൂടാതെ വിവിധ ഇനം കുടിവെള്ളം, ലഘു ഭക്ഷണ വിപണന കേന്ദ്രവും പ്രവർത്തിക്കും.

വേദിയിലെ പരിപാടികൾ എല്ലാവർക്കും സുഗമമായി കാണുന്നതിനായി പ്രധാന വേദി, പോസ്റ്റ് ഓഫിസ്, അർബൻ ബാങ്ക്, ദളവാക്കുളം സ്വകാര്യ ബസ് സ്റ്റാൻഡ്, പഴയ ബസ് സ്റ്റാൻഡ്, കെഎസ്ആർടിസി ബസ് സ്റ്റാൻഡ്, യൂണിയൻ ബാങ്ക്, തുടങ്ങി 13സ്ഥലങ്ങളിൽ എൽഇഡി വാൾ സ്ഥാപിക്കും.സത്യഗ്രഹ ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കാൻ തമിഴ്നാട് ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നിന്നും എത്തുന്നവർക്ക് താമസിക്കുന്നതിനായി വൈക്കത്തെ വിവിധ ലോഡ്ജുകളിലായി 60 മുറികൾ ഒരുക്കിയിട്ടുണ്ട്.

# കേരളം ക്ഷീരോത്പാദനമേഖല സ്വയം പര്യാപ്തതയിലേക്ക് : മന്ത്രി

**കൊല്ലം:** ക്ഷീരോത്പാദനത്തിൽ കേരളം ഉടൻ സ്വയംപര്യാപ്തത കൈവരിക്കുമെന്ന് മന്ത്രി ജെ ചിഞ്ചുറാണി. ക്ഷീരകർഷകരുടെ വീട്ടുപടിക്കൽ സേവനങ്ങൾ എത്തിക്കുന്ന പദ്ധതികളുമായാണ് സർക്കാരിനൊപ്പം മിൽമയും മുന്നോട്ടു പോകുന്നത്. മിൽമ ഉത്പ്പന്നങ്ങളുടെ വിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൊല്ലം കെ എസ് ആർ ടി സി ഡിപ്പോയിൽ ആരംഭിച് മിൽമ ഫുഡ് ട്രക്കിന്റെ ഔപചാരിക ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

കട്ടപ്പുറത്തിരിക്കുന്ന കെ എസ് ആർ ടി സി വാഹനങ്ങൾ നവീകരിച്ച് മിൽമ ഫുഡ് ട്രക്കാക്കി ഉപയോഗിക്കുന്നതാണ് പദ്ധതി. യാത്രക്കാർക്ക് വിശ്വാസയോഗ്യമായ ഉത്പന്നങ്ങൾ കഴിക്കുവാൻ ഇതിലൂടെ കഴിയുമെന്നും മന്ത്രി കൂട്ടിച്ചേർത്തു. മിൽമയെ ഉപയോഗിച്ച് ലഹരിക്കെതിരെയുള്ള ക്യാമ്പയിനുകളും സംഘടിപ്പിക്കും. സ്കൂൾ അറ്റ് മിൽമ എന്ന പദ്ധതിയിലൂടെ കുട്ടികൾ ലഹരിക്ക് പുറകെ പോകാതെ മിൽമ ഉത്പ്പന്നങ്ങൾ കഴിക്കുവാൻ കാരണമാവുന്നുണ്ട്. മിൽമയിലൂടെ ലഭിക്കുന്ന ലാഭത്തിന്റെ 80 ശതമാനവും ക്ഷീരകർഷകരെ സഹായിക്കുന്നതിന് വേണ്ടിയുള്ളതായിരിക്കും. കെ എസ് ആർ ടി സിയെ കൂടി സഹായിക്കുകയാണ് മിൽമ ഫുഡ് ട്രക്ക് പദ്ധതിയുടെ ലക്ഷ്യം.

ജില്ലയിലെ പ്രധാനപ്പെട്ട ബസ് സ്റ്റാൻഡുകളിൽ ഉടൻ മിൽമ ഫുഡ് ട്രക്കുകൾ സ്ഥാപിക്കുമെന്നും മന്ത്രി അറിയിച്ചു. പ്രതിദിനം ഏകദേശം 16 ലക്ഷം ലിറ്റർ പാലാണ് കേരളത്തിന് ആവശ്യമായി വരുന്നത് അതിൽ 14 ലക്ഷം ലിറ്റർ പാൽ കേരളത്തിൽ സംഭരിച്ചു വരികയാണ്. പാൽ കൊണ്ട് നിർമിക്കുന്ന 50 ലധികം ഉത്പ്പന്നങ്ങൾ മിൽമ ലഭ്യമാക്കും. വ്യത്യസ്തയിനം മണത്തോടും രുചിയോടും കൂടിയ ഐസ്ക്രീമുകൾ മിൽമ പുറത്തിറക്കുന്നുണ്ട്. അധിക പാല് പൊടിയാക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കി വരുകയാണ്. അതിദരിദ്രർക്ക് 90 ശതമാനം സബ്സിഡിയോടുകൂടി പശുക്കളെ വിതരണം ചെയ്യും. ക്ഷീര ഗ്രാമം പദ്ധതി 50 ഓളം പഞ്ചായത്തുകളിൽ നടപ്പിലാക്കാനുള്ള പരിശ്രമത്തിലാണെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ മിൽമ തിരുവനന്തപുരം യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി കൺവീനർ എൻ ഭാസുരാംഗൻ അധ്യക്ഷത വഹിച്ചു.

മിൽമ തിരുവനന്തപുരം യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മെമ്പർ കെ ആർ മോഹനൻ പിള്ള, മിൽമ തിരുവനന്തപുരം യൂണിയൻ മാനേജിംഗ് ഡയറക് ടർ ഡി എസ് കോണ്ട, കൊല്ലം കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ കൊല്ലം മധു, കൗൺസിലർ ഹണി ബെഞ്ചമിൻ, മിൽമ തിരുവനന്തപുരം യൂണിയൻ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി മെമ്പർ വിഎസ് പത്മകുമാർ, കൊല്ലം കെ എസ് ആർ ടി സി ഡി ടി ഒ എ അബ് ദുൽ നിഷാർ, കൊല്ലം ഡയറി മാനേജർ സി എ മുഹമ്മദ് അൻസാരി തുടങ്ങിയവർ സംസാരിച്ചു.



# കാംകോയിലെ നെൽകൃഷി വിളവെടുപ്പ് കൃഷിമന്ത്രി പി. പ്രസാദ് നിർവഹിച്ചു

**അത്താണി:** കേരള അഗ്രോ മെഷിനറി കോർപ്പറേഷനിലെ (കാംകോ) ജീവനക്കാരുടെ കൂട്ടായ്മയായ കർഷക മിത്രയുടെ ആഭിമുഖ്യത്തിൽ 8 ഏക്കർ സ്ഥലത്ത് ചെയ്ത നെൽ കൃഷിയുടെ വിളവെടുപ്പ് കൃഷിമന്ത്രി പി.പ്രസാദ് നിർവ്വഹിച്ചു . കഴിഞ്ഞ പത്തു വർഷങ്ങൾക്കു മുമ്പ് കാർഷിക പുരോഗതിക്കായി രൂപീകരിച്ച കാംകോയിലെ ജീവനക്കാരുടെ കൂട്ടായ്മയായ കർഷക മിത്രയുടെ പ്രവർത്തനങ്ങളെ മന്ത്രി അഭിനന്ദിച്ചു. പുതിയ സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കൂടുതൽ സ്ഥലങ്ങളിലേക്ക് കാർഷിക വ്യാപനം സാദ്ധ്യമാക്കണമെന്ന് മന്ത്രി പറഞ്ഞു. ഒരു പ്രദേശത്തെ കാർഷിക പുരോഗതിക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ,സഹകരണ പ്രസ്ഥാനങ്ങളുടെയും , കാർഷിക സർവ്വകലാശാലയുടെയും , മറ്റ് സർക്കാർ ഏജൻസികളുടെയും കർഷകരുടെയും കർഷക കൂട്ടായ്മകളിലൂടെയും യോജിച്ചുള്ള പ്രവർത്തനം ആവശ്യമാണ് അതിനുള്ള പരിശ്രമങ്ങളാണ് ഇപ്പോൾ സംസ്ഥാനത്ത് നടന്നു വരുന്നതെന്ന് മന്ത്രി പറഞ്ഞു.

മാനേജിംഗ് ഡയറക്ടർ വി.ശിവരാമകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. ഇന്ത്യയിൽ കാർഷിക മേഖലയിൽ യന്ത്രവൽക്കരണത്തിലൂടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കഴിഞ്ഞ 50 വർഷമായി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കാംകോയ്ക്കു സാധിച്ചിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു .കാംകോ കമ്പനിയുടെ തരിശായി കിടന്ന സ്ഥലങ്ങളിൽ കർഷക മിത്രയുടെ നേതൃത്വത്തിൽ നെല്ല് , പച്ചക്കറി ,വാഴ , വിവിധയിനം ഫലവൃക്ഷങ്ങൾ എന്നിവ കൃഷി ചെയ്തുവരുന്നുണ്ട്. കർഷക മിത്ര സെക്രട്ടറി എസ് രമേശൻ സ്വാഗതം പറഞ്ഞു. നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുഞ്ഞ് ,കാംകോ ഡയറക്ടർ ബോർഡ് അംഗങ്ങളായ കെ.എ ചാക്കോച്ചൻ, ബുഹാരി ,സി.കെ ഗോപി ,ജെസ്സി ജോർജ്ജ് ,വാർഡ് മെമ്പർമാർ എന്നിവർ പങ്കെടുത്തു, കർഷക മിത്ര ഭാരവാഹിയായ ഷിജു സി.എൻ നന്ദി രേഖപ്പെടുത്തി.

# സംസ്ഥാനത്തുടനീളം അത്യാധുനിക സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ




വില നിയന്ത്രണ നടപടികളുടെ ഭാഗമായി സംസ്ഥാനത്തുടനീളം അത്യാധുനിക സപ്ലൈകോ സൂപ്പർമാർക്കറ്റുകൾ ആരംഭിക്കുമെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. പുത്തൂർ സപ്ലൈക്കോ സൂപ്പർ മാർക്കറ്റിന്റെ നവീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

പൊതുവിപണിയിലെ നിർണായക ഇടപെടലാണ് സപ്ലൈക്കോയുടെത്. സപ്ലൈകോ ഉത്പ്പന്നങ്ങൾക്ക് പുറമെ വിപണിയിൽ ലഭ്യമായ സ്വകാര്യ കമ്പനികളുടെ ഉത്പ്പന്നങ്ങളും വിലകുറച്ച് സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ വഴി വിതരണം ചെയ്യും. 2000 കോടി രൂപയാണ് വില കയറ്റം നിയന്ത്രിക്കാൻ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത്. സർക്കാർ ജനുവരി 31 വരെ സംഭരിച്ച നെല്ലിന്റെ പണം പൂർണമായും കർഷകർക്ക് നൽകിയെന്നും രണ്ടാം ഘട്ടത്തിൽ സംഭരിക്കുന്ന നെല്ലിന്റെ പണം കാലതാമസം കൂടാതെ നൽകുമെന്നും മന്ത്രി പറഞ്ഞു.

വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ നിർണായക പങ്ക് വഹിക്കുന്ന സ്ഥാപനമാണ് സപ്ലൈകോയെന്ന് അധ്യക്ഷ പ്രസംഗത്തിൽ ധനമന്ത്രി മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. രാജ്യത്തെ ഏറ്റവും വിലക്കയറ്റം കുറവുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഉത്പ്പാദക സംസ്ഥാനങ്ങളെക്കാൾ കുറഞ്ഞ വിലയിൽ അരിയുൾപ്പടെയുള്ള ഭക്ഷ്യ ധാന്യങ്ങൾ സപ്ലൈകോ, മാവേലി സ്റ്റോർ തുടങ്ങിയ സർക്കാർ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യുന്നുണ്ട്. സാധാരണക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത മികച്ച പൊതു വിതരണ സമ്പ്രദായമാണ് കേരളത്തിന്റെതെന്നും ധനമന്ത്രി പറഞ്ഞു.

കൊടിക്കുന്നിൽ സുരേഷ് എം പി, സപ്ലൈകോ ചെയർമാൻ ആൻഡ് മാനേജിഗ് ഡയറക് ടർ ശ്രീറാം വെങ്കിട്ടരാമൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ അഭിലാഷ്, നെടുവത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് വി കെ ജ്യോതി, ജില്ലാ പഞ്ചായത്ത് അംഗം ജി സുമ ലാൽ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം ലീലാമ്മ, സപ്ലൈകോ റീജിയണൽ മാനേജർ ജലജ ജി എസ് റാണി, ജനപ്രതിനിധികൾ, വിവിധ രാഷ് ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# ഭക്ഷ്യ സുരക്ഷാ ഓഫിസുകളിൽ മിന്നൽ പരിശോധന

**തിരുവനന്തപുരം:** സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ ഓഫിസുകളിൽ മിന്നൽ പരിശോധന. വകുപ്പിലെ ചില ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി ഗുണമേന്മ കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ വിപണിയിൽ വിൽക്കുന്നതിന് ഒത്താശ ചെയ്യുന്നതായി വിജിലൻസിനു ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് പരിശോധന. ഭക്ഷ്യസുരക്ഷാ കമ്മിഷണറുടെ കാര്യാലയത്തിലും 14 ജില്ലകളിലെ അസി. ഭക്ഷ്യ സുരക്ഷാ കമ്മിഷണർമാരുടെ ഓഫിസുകളിലും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിലുമാണു വിജിലൻസ് ഒരേ സമയം മിന്നൽ പരിശോധന നടത്തുന്നത്



# രാഹുൽഗാന്ധിക്കെതിരെയുള്ള സൂററ്റ് കോടതിയുടെ വിധിയും നടപടിയും നിലനിൽക്കില്ല: അഡ്വ.എ.എൻ രാജൻബാബു

**കൊച്ചി :** കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് കർണ്ണാടകയിലെ കോലാറിൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രചരണ യോഗത്തിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ രണ്ട് വർഷത്തെ തടവിന് ശിക്ഷിച്ച സൂററ്റിലെ മജിസ്ട്രേറ്റ് കോടതിയുടെ വിധി നിയമപരമല്ലെന്നും ഹൈക്കോടതി വിധികൾക്കും സുപ്രീം കോടതി വിധികൾക്കും ഇംഗ്ലണ്ടിലെ ഹൗസ് ഓഫ് ലോഡ്സിന്റെ വിധിക്കും എതിരാണ് ഈ വിധിയെന്നും കേരള ഹൈക്കോടതിയിലെ മുതിർന്ന അഭിഭാഷകനും മുൻ എം.എൽ.എയും ജെ.എസ്.എസ് പാർട്ടിയുടെ സംസ്ഥാന ജനറൽ സെക്രട്ടറിയുമായ അഡ്വ.എ.എൻ.രാജൻ ബാബു വാർത്താ സമ്മേളനത്തിൽ പറഞ്ഞു. വിധിയിൽ സൂററ്റ് കോടതിക്ക് വിശദീകരിക്കാനാവാത്ത നിയമ പ്രശ്നം ഉണ്ടെന്നും അഡ്വ.എ.എൻ രാജൻ ബാബു വ്യക്തമാക്കി.വരാൻ പോകുന്ന ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധി തന്നെയാണ് ബി.ജെ.പിക്കും, മോദിക്കും ശക്തനനായ രാഷ്ട്രീയ എതിരാളി എന്ന ഭയമാണ് നിയമ പരമായി നിലനിൽക്കാത്ത വിധിയുടെ പേരിൽ തിടുക്കപ്പെട്ട് അദ്ദേഹത്തെ പാർലമെന്റിൽ നിന്നും ഏകപക്ഷീയമായി പുറത്താക്കിയതിലൂടെ മനസിലാകുന്നത്. രാഹുൽ ഗാന്ധിക്ക് വേണ്ടുന്ന എല്ലാ നിയമ സഹായവും യു.ഡി.എഫ് ഘടക കക്ഷി എന്ന നിലയിൽ ജെ.എസ്.എസ് നൽകുമെന്നും അദ്ദേഹം പറഞ്ഞു. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് കർണ്ണാടകയിലെ കോലാറിൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രചരണ യോഗത്തിൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ രാഹുൽ ഗാന്ധിക്കെതിരെ കേസെടുക്കാനാവില്ലെന്ന് കേരള ഹൈക്കോടതിയുടെയും സുപ്രീം കോടതിയുടെയും, ഇംഗ്ലണ്ടിലെ ഹൗസ് ഓഫ് ലോഡ്സിന്റെയും വിധികൾ ചൂണ്ടിക്കാട്ടി അഡ്വ.എ.എൻ രാജൻ ബാബു പറഞ്ഞു.ഒരു സംഘടനയെയോ, സമൂഹത്തെയോ മൊത്തത്തിൽ ബാധിക്കുന്ന അപകീർത്തികരമായ പരാമർശമാണെങ്കിൽ ആയതിൽ പരാതിക്കാരനെ പ്രത്യേകം പറഞ്ഞു പരാമർശിച്ചിട്ടില്ലെങ്കിൽ അത്തരക്കാരന്റെ പരാതി കോടതിയിൽ നിലനിൽക്കുന്നതല്ലെന്ന് കേരള ഹൈക്കോടതി ജസ്റ്റീസ് കെ.ടി.തോമസ് വിധി പ്രസ്താവിച്ചിട്ടുള്ളതാണ്.പൊതു തിരഞ്ഞെടുപ്പിൽ വിജയിക്കുന്നതിനായി അന്ന് മുഖ്യമന്ത്രിയായിരുന്ന കെ.കരുണാകരൻ 10 ലക്ഷം രൂപ ബി.ജെ.പി. പ്രവർത്തകർക്ക് നൽകിയെന്ന് പ്രതിപക്ഷനേതാവായിരുന്ന വി.എസ്.അച്യുതാനന്ദൻ പൊതുവേദിയിൽ പ്രസംഗിച്ചുവെന്നും ഇത് പാർട്ടിക്കും പാർട്ടി പ്രവർത്തകർക്കും അപമാനകരവും ആക്ഷേപകരവും മാനനഷ്ടവും ഉളവാക്കുന്നതിനാൽ ഇന്ത്യൻ ശിക്ഷാനിയമം 500ാം വകുപ്പ് പ്രകാരം ശിക്ഷാർഹകരമായ കുറ്റം ചെയ്തുവെന്ന് കാട്ടി അന്നത്തെ ബി.ജെ.പി ലോക്കൽ കമ്മിറ്റി വൈസ് പ്രസിഡന്റ് പത്തനംതിട്ട ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വി.എസ്.അച്യുതാനന്ദനെതിരെ അപകീർത്തിക്ക് ക്രിമിനൽ കംപ്ലെയിന്റ് ഫയൽ ചെയ്തുവെങ്കിലും കേസിൽ വ്യക്തിപരമായ പരാമർശം പരാതിക്കാരനെപ്പറ്റി അച്യുതാനന്ദൻ നടത്തിയിട്ടില്ലാത്തതിനാൽ പരാതി നിലനിൽക്കുന്നതല്ലെന്ന് കണ്ട് ഹൈക്കോടതി കേസ് റദ്ദാക്കിയിരുന്നുവെന്നും അന്നത്തെ വിധി ചൂണ്ടിക്കാട്ടി അഡ്വ.എ.എൻ രാജൻബാബു വ്യക്തമാക്കി.കോലാറിൽ കോൺഗ്രസ് തിരഞ്ഞെടുപ്പ് പ്രചരണ യോഗത്തിൽ മോദി സമുദായത്തിന് അപകീർത്തികരമായെന്ന് പറയപ്പെടുന്നപരാമർശം നടത്തിയതിന്റെ പേരിലാണ് രാഹുൽ ഗാന്ധിക്കെതിരെ കേസുണ്ടായത്. ഗുജറാത്തിലെ ബി.ജെ.പി എം.എൽ.എ ആയ പൂർണ്ണേശ് മോദിയാണ് ഹർജിയുമായി കോടതിയിലെത്തിയത്. രാഹുൽ ഗാന്ധിയുടെ പരാമർശം മോദി സമുദായത്തെ അടച്ചാക്ഷേപിക്കുന്നതാണെന്ന് ആയിരുന്നു ഹർജിക്കാരന്റെ വാദം. എന്നാൽ ഈ കേസിൽ പരാതിക്കാരനായ പൂർണ്ണേശ് മോദിയെ രാഹുൽ തന്റെ പ്രസംഗത്തിൽ ഒരുതരത്തിലും പരാമർശിച്ചിട്ടില്ലാത്തതിനാൽ പരാതിക്കാരൻ വ്യക്തിപരമായി അധിക്ഷേപിക്കപ്പെട്ട വ്യക്തി (person aggrieved) അല്ല. ഈ സാഹചര്യത്തിൽ സിആർ.പി.സി 199 പ്രകാരം പരാതി നൽകാൻ പൂർണ്ണേശ് മോദിക്ക് അവകാശം ഇല്ലെന്ന് കണ്ട് മേൽപ്പറഞ്ഞ വിധികൾ പ്രകാരം രാഹുലിന് എതിരെയുള്ള പരാതി തള്ളിക്കളയേണ്ടതായിരുന്നുവെന്നും അഡ്വ.എ.എൻ രാജൻബാബു വ്യക്തമാക്കി.സി.പി.ഐ.(എം) സെക്രട്ടറിയായിരിക്കെ സി.എച്ച് കണാരൻ നൽകിയ പരാതിയിലും ഇതേ നിയമ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഹൈക്കോടതിയുടെ വിധി ഉണ്ടായത്. (1971 K.L.T. 145 ) സിറിയൻ ക്രിസ്റ്റ്യൻ സമുദായത്തെ ബന്ധപ്പെടുത്തിയുള്ള നാരായണ പിള്ളയും ചാക്കോയും തമ്മിലുള്ള (Narayana Pillai vs Chacko )(1986 K.L.T 1005) കേസിലും കേരള ഹൈക്കോടതി മേൽപ്പറഞ്ഞ നിയമതത്വം അംഗീകരിച്ചാണ് വിധി പുറപ്പെടുവിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലെ ഹൗസ് ഓഫ് ലോഡ്സിൽ നുഫറും ലണ്ടൻ എക്സ്പ്രസ്സ് ദിനപത്രും തമ്മിൽ സമാനമായ രീതിയിൽ കേസ് ഉണ്ടാകുകയും ഈ കേസിൽ മേൽപ്പറഞ്ഞ നിയമതത്വം അനുസരിച്ചാണ് വിധിഉണ്ടായത്. (Knupffer vs London Express News Paper Limited (1944) appeal case 116) ലണ്ടനിലെ റഷ്യക്കാരെ സംബന്ധിച്ച പത്രവാർത്തയായിരുന്നു കേസിന് കാരണം. ഹൗസ് ഓഫ് ലോഡ്സിൽ അഞ്ചംഗ ലോ ലോഡ്സാണ് മേൽപ്പറഞ്ഞ നിയമതത്വം അനുസരിച്ച് പരാതി തള്ളിക്കളഞ്ഞത്. ഹൗസ് ഓഫ് ലോഡ്സിന്റെ ഈ വിധി ഇന്ത്യൻ പരമോന്നത നീതിപീഠമായ സുപ്രീം കോടതി അംഗീകരിച്ചാണ് ജി. നരസിംഹനും ടി.കെ.ചാക്കപ്പയും തമ്മിലുള്ള (G Narasimhan vs T.K.Chakkappa) (A.I.R 1972 S.C 2609 ) കേസിൽ വിധി പ്രസ്താവിച്ചത്. സുപ്രീം കോടതിയുടെ വിധി രാജ്യത്തെ മുഴുവൻ കീഴ്ക്കോടതികൾക്കും ബാധകമാണെന്നും അഡ്വ.എ.എൻ രാജൻബാബു വ്യക്തമാക്കി. ജെ.എസ്.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് പി.സി ജയൻ, ജില്ലാ പ്രസിഡന്റ് വി.കെ സുനിൽകുമാർ എന്നിവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.



# ബ്രഹ്മപുരത്ത് ആരോഗ്യ സേവനങ്ങൾതുടരും: മന്ത്രി വീണാ ജോർജ്

### സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ലഭ്യമാക്കും

### 24 മണിക്കൂർ ആംബുലൻസ് സേവനം തുടരും

### പൾമനോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധരുടെ സേവനങ്ങൾ കൃത്യമായ ദിവസങ്ങളിൽ ഉണ്ടാകും



**കൊച്ചി:** ബ്രഹ്മപുരത്ത് ആരോഗ്യവകുപ്പ് സ്വീകരിച്ച നടപടികൾ തുടരുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ബ്രഹ്മപുരത്തിന് അടുത്തുള്ള വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഐ.പി സൗകര്യം തുടരും. കൂടാതെ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിൽ ലഭ്യമാക്കും. പൾമനോളജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ധരുടെ സേവനങ്ങൾ കൃത്യമായ ദിവസങ്ങളിൽ ഉണ്ടാകും. 24 മണിക്കൂർ ആംബുലൻസ് സേവനം തുടരും. ആരോഗ്യ സർവേ തുടരുകയാണ്. കുറച്ച് ഭാഗങ്ങളിൽകൂടി അവശേഷിക്കുന്നു. സർവേ പൂർത്തിയാക്കി കൃത്യമായ വിശകലനം നടത്തും. തീപിടിത്തവുമായി ബന്ധപ്പെട്ട ആരോഗ്യപ്രശ്നങ്ങൾ വിലയിരുത്തുന്നതിനുള്ള സംസ്ഥാനതല വിദഗ്ധ സമിതി രൂപീകരണ പ്രവർത്തനങ്ങൾ നടക്കുകയാണെന്നും മന്ത്രി പറഞ്ഞു.ബ്രഹ്മപുരം തീപിടിത്തത്തെ തുടർന്ന് നിലവിലെ ആരോഗ്യ സാഹചര്യം മന്ത്രി വീണാ ജോർജിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിലയിരുത്തി. മറ്റു ജില്ലകളിൽ നിന്ന് തീ അണയ്ക്കലിന് എത്തിയ അഗ്നി രക്ഷാ സേനാംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് മെഡിക്കൽ പരിശോധന കൃത്യമായ ഇടവേളകളിൽ നടത്താൻ മന്ത്രി നിർദേശിച്ചു. ആവശ്യമെങ്കിൽ ചികിത്സയും ലഭ്യമാക്കും.കോവിഡ് വർധിക്കുന്ന സാഹചര്യത്തിൽ എറണാകുളം ജില്ലയിലെ ആരോഗ്യ സംവിധാനങ്ങളിലെ ക്രമീകരണം, മഴക്കാലപൂർവ ശുചീകരണംആരോഗ്യജാഗ്രത കലണ്ടർ അനുസരിച്ചുള്ള പ്രവർത്തനങ്ങളും മന്ത്രി വിലയിരുത്തി.നിലവിൽ ജില്ലയിൽ ആകെ 406 ആക്ടീവ് കോവിഡ് കേസുകളാണുള്ളത്. 13 പേർ ഐ.സി.യുവിൽ ചികിത്സയിലാണ്. ഇവർക്ക് മറ്റ് രോഗങ്ങളും വാർധ്യക സഹജമായ ആരോഗ്യ പ്രശ്നങ്ങളും ഉണ്ട്. പ്രായമുള്ളവർക്ക് വീട്ടിലുള്ള മറ്റുള്ള അംഗങ്ങളിൽ നിന്നാണ് കോവിഡ് പകരുന്നത്. ഇക്കാര്യത്തിൽ പ്രത്യേക ജാഗ്രത ഉണ്ടാകണം. കോവിഡ് വർധിക്കുകയാണെങ്കിൽ ഐ.സി.യു കിടക്കകൾ ഉൾപ്പെടെ എല്ലാ സൗകര്യവും സജ്ജമാണെന്നും മന്ത്രി പറഞ്ഞു. ഗർഭിണികൾ, കുട്ടികൾ, മുതിർന്നവർ, മറ്റ് ആരോഗ്യ പ്രശ്നങ്ങൾ ഉള്ളവർ, ആശുപത്രിയിലെ എല്ലാവരും മാസ്ക് നിർബന്ധമായും ഉപയോഗിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു. പകർച്ചവ്യാധി പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് പ്രത്യേക ജാഗ്രത പുലർത്തുന്നതിനും മന്ത്രി നിർദേശിച്ചു.എറണാകുളം ഗസ്റ്റ് ഹൗസിൽ നടന്ന യോഗത്തിൽ ജില്ലാ കളക്ടർ എൻ.എസ്.കെ ഉമേഷ്, ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എസ് ശ്രീദേവി, ദേശീയ ആരോഗ്യദൗത്യം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. നിഖിലേഷ് മേനോൻ, എറണാകുളം മെഡിക്കൽ കോളജ് സൂപ്രണ്ട് ഡോ.ഗണേഷ് മോഹൻ, ആരോഗ്യ വകുപ്പിലെ മറ്റ് ഡോക്ടർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജിൽ രോഗനിദാന വകുപ്പിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഒരു ഒഴിവുണ്ട്. ഈ തസ്തികയിലേക്ക് വാക്ക് ഇൻ ഇന്റർവ്യൂ നടത്തി കരാറടിസ്ഥാനത്തിൽ താൽക്കാലികമായി നിയമിക്കുന്നതിന് ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദ യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. കരാറടിസ്ഥാനത്തിലുള്ള കാലാവധി പരമാവധി ഒരു വർഷമോ, അതിനുമുമ്പ് സ്ഥിര നിയമനം നടത്തുന്നതുവരേയോ ആയിരിക്കും. യോഗ്യത: ആയുർവേദത്തിലെ രോഗനിദാന വിഷയത്തിൽ ബിരുദാനന്തര ബിരുദം. എ ക്ലാസ്സ് മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ. പ്രവൃത്തി പരിചയം അഭിലഷണീയം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ഏപ്രിൽ മൂന്നിന് രാവിലെ 11 ന് കൂടിക്കാഴ്ചയ്ക്കായി തൃപ്പൂണിത്തുറ ഗവൺമെന്റ് ആയുർവേദ കോളേജ് പ്രിൻസിപ്പൽ മുൻപാകെ ബയോഡാറ്റ, ജനനതീയതി, വിദ്യാഭ്യാസ യോഗ്യത, മുൻപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** കേന്ദ്രസർക്കാർ പദ്ധതിയായ പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന പദ്ധതിയുടെ കീഴിൽ ഐ.എച്ച്.ആർ.ഡിയുടെ സ്ഥാപനമായ ഗവ.മോഡൽ എൻജിനീയറിങ് കോളേജിൽ മാർച്ചിൽ ആരംഭിക്കുന്ന സൗജന്യ തൊഴിലധിഷ്ഠിത കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള അപേക്ഷകർ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ പ്രവർത്തിക്കുന്ന മോഡൽ ഫിനിഷിങ്ങ് സ്കൂളുമായി ബന്ധപ്പെടുക ഫോൺ 0484 2985252. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 29. ഓഫീസ് അസിസ്റ്റന്റ് , യോഗ്യത എസ്.എസ്.എൽ.സി (പാസ്സ്), കാലാവധി 3 മാസം, പ്രായം:18 45വരെ

# ഹൃദയത്തിന്റെ ആന്തരിക ചിത്രീകരണവും പഠനങ്ങളുമായി ഹൃദ്രോഗ വിദഗ്ദ്ധരുടെസമ്മേളനം



**കോട്ടയം:** ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രാഫി (ഐ.എ.ഇ) കേരള ചാപ്റ്ററിന്റെ വാർഷിക സമ്മേളനം കുമരകം ബാക്ക് വാട്ടർ റിപ്പിൾസിൽനടന്നു.അൾട്രാസൗണ്ട് ഇമേജിങ്ങ് വഴി ഹൃദയത്തിന്റെ അസ്വാഭാവികതകൾ വിലയിരുത്തി ചികിത്സകൾ ക്രമപ്പെടുത്തുകയും, ഈ മേഖലയിലെ ഗവേഷണങ്ങൾ, പരിശീലനങ്ങൾ എന്നിവക്ക് നേതൃത്വം നൽകുകയും, ചികിത്സാ മാനദണ്ഡങ്ങൾ നിശ്ചയിക്കുകയും ചെയ്യുന്ന ശാസ്ത്ര സംഘടനയാണ് ഇന്ത്യൻ അക്കാദമി ഓഫ് എക്കോകാർഡിയോഗ്രാഫി.ഐ.എ.ഇ കേരള പ്രസിഡന്റ് ഡോ. പ്രഭാ നിനി ഗുപ്ത സമ്മേളനം ഉദ്ഘാടനം ചെയ്തു.രോഗനിർണയത്തിലും ,ചികിത്സയിലും ഇമേജിംഗ് സാങ്കേതികവിദ്യകളുടെ പങ്ക് അനുദിനം വികസിച്ചു കൊണ്ടിരിക്കുകയാണ്. ഓട്ടോമേഷനും, ആർട്ടിഫിഷ്യൽ ഇന്റലിജൻസും ചേർന്ന് ദൃശ്യവൽക്കരണം, ഇമേജിംഗിലെ കൃത്യത, ഇമേജ് വിശകലനം, ചികിത്സകൾ എന്നിവയെ വളരെയധികം മെച്ചപ്പെടുത്തിയിട്ടുണ്ട്.ഈ ശാസ്ത്ര മുന്നേറ്റങ്ങൾ ഡോക്ടർമാരുടെ രോഗനിർണ്ണയത്തിനുള്ള കഴിവും, പ്രവർത്തന വൈദഗ്ധ്യവും ഗണ്യമായി വർദ്ധിപ്പിക്കുമെന്ന് പ്രഭാ നിനി ഗുപ്ത പറഞ്ഞു. ഡോ. പ്രഭാ നിനി ഗുപ്ത,ഡോ.വിജയലക്ഷ്മി ഐ ബി, ഓർഗനൈസിങ് ചെയർമാൻ ഡോ.വി.എൽ.ജയപ്രകാശ്, സയന്റിഫിക് കമ്മിറ്റി ചെയർമാൻ ഡോ.സുരേഷ് കെ, ഓർഗനൈസിങ് സെക്രട്ടറി ഡോ.ജോബി കെ.തോമസ്, ഐഎഇ കേരള ചാപ്റ്റർ സെക്രട്ടറി ഡോ.ജെയിംസ് തോമസ്, ഡോ.പ്രവീൺ എസ് എന്നിവർ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ചു.ഹൃദയത്തിന്റെ ചിത്രീകരണത്തിനുള്ള ഏറ്റവും ഫലപ്രദമായ അൾട്രാസൗണ്ട് ഉപകരണമായി എക്കോകാർഡിയോഗ്രാഫി വികസിച്ചു. ഹൃദയത്തിന്റെയും, വാൽവുകളുടേയും അസ്വാഭാവികതകളും അവയുടെ കാരണങ്ങളും നിർണ്ണയിക്കാൻ ഇമേജിങ്ങ് സാങ്കേതിക വിദ്യ വഴി സാധിക്കും. അൾട്രാസോണിക്ക് ശബ്ദതരംഗങ്ങൾ നെഞ്ചുവഴി കടത്തിവിട്ട് അവയുടെ പ്രതിധ്വനി കമ്പ്യൂട്ടർ വഴി സ്വീകരിച്ചാണ് ദ്വിമാന, ത്രിമാന ചിത്രീകരണങ്ങൾ സാധ്യമാവുന്നതെന്ന് സയന്റിഫിക്ക് കമ്മിറ്റി ചെയർമാൻ ഡോ. കെ. സുരേഷ് പറഞ്ഞു.ഹൃദയത്തിന്റെയും അറകളുടെയും വലിപ്പം, രൂപസവിശേഷതകൾ, പമ്പിങ്ങിലെ കാര്യക്ഷമത, ഹൃദയത്തിന്റെ മറ്റ് കർത്തവ്യങ്ങൾ സംബന്ധിച്ച കണക്കുകൾ, ഹൃദയ പേശികളുടെ കുഴപ്പങ്ങൾ, കോശജാലങ്ങൾക്ക് സംഭവിച്ച ക്ഷതത്തിന്റെ തോത് എന്നിവയെല്ലാം സംബന്ധിച്ചു വിവരങ്ങൾ ലഭ്യമാക്കാൻ ഇമേജിംഗ് വഴി സാധ്യമാണെന്ന് ഓർഗനൈസിംഗ് സെക്രട്ടറി ഡോ. ജോബി കെ തോമസ് പറഞ്ഞു.അന്നനാളത്തിൽ ഒരു ട്രാൻസ്ഡ്യൂസർ ഇറക്കി ഹൃദയത്തിന്റെയും അതിന്റെ ഘടനയുടെയും വളരെ വ്യക്തമായ ചിത്രങ്ങൾ നൽകുന്ന അൾട്രാസൗണ്ട് സാങ്കേതിക വിദ്യയായ ട്രാൻസ് ഈസോഫാഗൽ എക്കോകാർഡിയോഗ്രാം (ടി.ഇ.ഇ) സംബന്ധിച്ച് പ്രത്യേക ശിൽപശാല നടന്നു. മിട്രൽ വാൽവ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മിട്ര ക്ലിപ്പിന്റെ പരിശീലനവും നടന്നു.ഹൃദയത്തിന്റെ ഇമേജിങ്ങ് സംബന്ധിച്ച് പ്രധാന സിംപോസിയങ്ങളും ചർച്ചകളും സമ്മേളനത്തിന്റെ ഭാഗമായി നടന്നു.വിവിധ ജില്ലകളിൽ നിന്നായി കാർഡിയോളജിസ്റ്റുകളും, സാങ്കേതിക വിദഗ്ദ്ധരും അടങ്ങിയ മുന്നൂറിലധികം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു.

# ഗോവ ദുബായ് : നേരിട്ട് വിമാന സർവീസ് ആരംഭിച്ച് എയർ ഇന്ത്യ എക്സ്പ്രസ്



**കൊച്ചി:** ഇന്ത്യയിലെ ആദ്യ അന്താരാഷ്ട്ര ബജറ്റ് എയർലൈനായ എയർ ഇന്ത്യ എക്സ്പ്രസ് ഗോവയിൽ നിന്നും ദുബായിലേക്ക് ആഴ്ചയിൽ നാലു തവണ നേരിട്ട് വിമാന സർവ്വീസ് ആരംഭിച്ചു.ആദ്യ വിമാനം, ഐഎക്സ് 840, തിങ്കളാഴ്ച പുലർച്ചെ ഒന്നിന് ഗോവ ഇൻറർനാഷണൽ എയർപോർട്ടിൽ നിന്ന് (ദാബോലിം എയർപോർട്ട്) 148 യാത്രക്കാരുമായി പുറപ്പെട്ടു.ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ വിനോദസഞ്ചാര കേന്ദ്രങ്ങളിലൊന്നായ ഗോവയിൽ നിന്ന് എയർ ഇന്ത്യ എക്സ്പ്രസ് ബാനറിന് കീഴിൽ ഞങ്ങളുടെ ആദ്യ അന്താരാഷ്ട്ര സർവീസുകൾ ആരംഭിക്കുന്നതിൽ സന്തോഷമുണ്ടെന്ന് എയർ ഇന്ത്യ എക്സ്പ്രസിന്റെയും എയർഏഷ്യ ഇന്ത്യയുടെയും മാനേജിംഗ് ഡയറക്ടർ അലോക് സിംഗ് പറഞ്ഞു. ഗോവയിൽ നിന്ന് ദുബായിലേക്ക് നേരിട്ട് കണക്റ്റിവിറ്റി വാഗ്ദാനം ചെയ്യുന്ന ഒരേയൊരു എയർലൈനാണ് എയർ ഇന്ത്യ എക്സ്പ്രസ് എന്നത് തങ്ങൾക്ക് അഭിമാനകരമാണ്. എയർ ഇന്ത്യ എക്സ്പ്രസുമായി ലയിക്കാൻ ഒരുങ്ങുന്ന എയർഏഷ്യ ഇന്ത്യ, അഞ്ച് ആഭ്യന്തര നഗരങ്ങളെ ബന്ധിപ്പിച്ച് ഗോവയിലേക്കും ഗോവയിൽ നിന്നുമായി ദിവസേന 13 ഡയറക്ട് ഫ്ളൈറ്റുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. സംസ്ഥാനത്തിന്റെ ടൂറിസം വിജയഗാഥയുടെ ഭാഗമാകുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ നൽകുന്നതിൽ പ്രതിജ്ഞാബദ്ധരായി തുടരുമെന്നും അദ്ദേഹം പറഞ്ഞു.

# നാസികാ സൗന്ദര്യശിൽപ്പശാല കൊച്ചിയിൽ സമാപിച്ചു




**കൊച്ചി:** സ്പെഷ്യലിസ്റ്റ്സ് ആശുപത്രി കഴിഞ്ഞ 20 വർഷമായി നടത്തിവരുന്ന അന്താരാഷ്ട്ര നാസികാ സൗന്ദര്യ ശിൽപ്പശാലയുടേയും സെമിനാറിന്റേയും 21മത് പതിപ്പ് കൊച്ചിയിൽ സമാപിച്ചു. എംബിആർ മെഡിക്കൽ ട്രസ്റ്റ് മാനേജിംങ്ങ് ട്രസ്റ്റി സി കെ നളിനി വെള്ളിയാഴ്ച ഉദ്ഘാടനം ചെയ്ത ത്രിദിന ശിൽപ്പശാലയിൽ ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള 30ഓളം പ്ലാസ്റ്റിക് സർജൻമാർ പങ്കെടുക്കുത്തു. ശിൽപശാലയുടെ ഭാഗമായി മൂക്കിന്റെ വൈരൂപ്യം മാറ്റി മുഖസൗന്ദര്യം വർധിപ്പിക്കുന്നതിനായി 10 പേർക്ക് സൗജന്യ റൈനോപ്ലാസ്റ്റി ശസ്ത്രക്രിയകൾ നടത്തിയെന്ന് സ്പെഷ്യലിസ്റ്റ്സ് ആശുപത്രി ഡയറക്ടർ ഡോ. കെ ആർ രാജപ്പൻ അറിയിച്ചു.യുകെ ആസ്ഥാനമായി പ്രവർത്തിക്കുന്ന പ്രശസ്ത റൈനോപ്ലാസ്റ്റിക് സർജൻ ഡോ. എൻ എ നാസർ, സ്പെഷ്യലിസ്റ്റ്സ് ആശുപത്രിയിലെ പ്ലാസ്റ്റിക്മൈക്രോകോസ്മെറ്റിക് സർജറി വിഭാഗം മേധാവി ഡോ. ആർ.. ജയകുമാർ, സ്പെഷ്യലിസ്റ്റ്സ് ആശുപത്രിയിലെ സീനിയർ പ്ലാസ്റ്റിക് സർജൻമാരായ ഡോ. സെന്തിൽ കുമാർ, ഡോ. ആഷ സിറിയക്, ഡോ. എ ജെ ഗിൽഡ് എന്നിവരാണ് ശിൽപശാലയ്ക്കും സെമിനാറിനും നേതൃത്വം നൽകിയത്. വളഞ്ഞതും തിരിഞ്ഞതും പതിഞ്ഞതുമായ മൂക്കുകൾ നിവർത്തുക, ഇതര ശരീര ഭാഗങ്ങളിലെ കിളിന്തെല്ലുകൾ വച്ചുപിടിപ്പിച്ച് നേരേയാക്കുക, മൂക്കിനുള്ളിലെ എല്ല് തകർന്നിട്ടുണ്ടെങ്കിൽ പകരം വാരിയെല്ലിൽ നിന്ന് മുറിച്ചെടുത്ത് വച്ച് പിടിപ്പിക്കുക, മൂക്കിന് മുകളിലുള്ള മുഴ നീക്കം ചെയ്യുക, മൂക്കിന്റെ വലിപ്പം ആകർഷകമായ വിധത്തിൽ മാറ്റം വരുത്തുക, മൂക്കിന്റെ ഉള്ളിൽ നിന്ന് അധിക മാംസം എടുത്തു മാറ്റുക തുടങ്ങിയ പ്രക്രിയകളാണ് റൈനോപ്ലാസ്റ്റി ശിൽപശാലയിൽ നടന്നതെന്ന് ഡോ. എൻ. എ. നാസർ പറഞ്ഞു.ശിൽപ്പശാലയുടെ ഭാഗമായി നടന്ന ശസ്ത്രക്രിയകൾ തൽക്ഷണം ശില്പശാലാ വേദിയിലേക്ക് സംപ്രേഷണം ചെയ്തിരുന്നു.

# ഇന്ത്യൻ തായ്ക്വോണ്ടോ പ്രീമിയർ ലീഗ് ജൂണിൽ

## ഗ്രാൻഡ്മാസ്റ്റർമാരായ ജുൻ ലീ, ലോകചാമ്പ്യൻ മൂൺ ഡേ സുങ് എന്നിവർ ലീഗിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി



ന്യൂഡൽഹി/കൊച്ചി: രാജ്യത്തെ തായ്ക്വോണ്ടോ കായികരംഗത്ത് മാറ്റം വരുത്താനും, അന്താരാഷ്ട്ര ചാമ്പ്യൻമാരെ വാർത്തെടുക്കാനും ലക്ഷ്യമിട്ട് ഇന്ത്യൻ തായ്ക്വോണ്ടോ പ്രീമിയർ ലീഗ് (ടിപിഎൽ) പ്രഖ്യാപിച്ചു. 2023 ജൂണിൽ ഡൽഹിയിൽ നടക്കുന്ന ഫ്രാഞ്ചൈസി മോഡൽ ലീഗിൽ ഹൈദരാബാദ്, രാജസ്ഥാൻ, മഹാരാഷ്ട്ര, അസം, ഡൽഹി, ബെംഗളൂരു, ഡെറാഡൂൺ, പഞ്ചാബ്, ഹരിയാന, ഹിമാചൽ പ്രദേശ്, ചെന്നൈ, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ള ടീമുകളായിരിക്കും മത്സരിക്കുക. നാനൂറിലേറെ കായികതാരങ്ങളെ സാക്ഷിയാക്കി ഗ്രാൻഡ്മാസ്റ്റർമാരായ ജുൻ ലീ, ലോകചാമ്പ്യൻ മൂൺ ഡേ സുങ് എന്നിവർ ലീഗിന്റെ ഔദ്യോഗിക പ്രഖ്യാപനം നടത്തി. ഇതാദ്യമായി ടീം ഫോർമാറ്റിലായിരിക്കും തായ്ക്വോണ്ടോ പ്രീമിയർ ലീഗ് കളിക്കുക. ഓരോ ടീമിലും അഞ്ച് മുൻനിര താരങ്ങൾ മത്സരിക്കും. മത്സരത്തിൽ വേഗവും ആവേശവും നിലനിർത്താൻ 58.1 കി.ഗ്രാം67.9 കി.ഗ്രാം വിഭാഗങ്ങളിലായി മത്സരം പരിമിതപ്പെടുത്തിയിട്ടുണ്ട്.ടിപിഎൽ കമ്മീഷണർ ജുൻ ലീ, ടിപിഎൽ ചീഫ് കോച്ച് മാസ്റ്റർ കിം ചാങ് ക്വോൺ, മൂൺ ഡേ സുങ് എന്നിവരുടെ നേതൃത്വത്തിലുള്ള അന്താരാഷ്ട്ര പാനൽ 12 നഗരങ്ങളിൽ നടക്കുന്ന സെലക്ഷൻ ട്രയലുകളിൽ നിന്ന് കളിക്കാരെ തിരഞ്ഞെടുക്കും. ഓരോ ടീമിന്റെയും മെന്റർമാരെയും പരിശീലകരെയും കണ്ടെത്തിയിട്ടുണ്ട്. രാജ്യത്ത് രജിസ്റ്റർ ചെയ്ത പത്ത് ലക്ഷം കളിക്കാർ ഉണ്ടെന്നും ഇത് ഇന്ത്യയിലെ ഏറ്റവും ജനപ്രിയമായ കായിക ഇനങ്ങളിലൊന്നായി മാറുമെന്നും മൂൺ ഡേ സുങ് പറഞ്ഞു. ഗണേഷ് ദുവ്വൂരി, ജി.കെ വെങ്കട്ട്, നവനീത എന്നിവരാണ് ലീഗിന്റെ സ്ഥാപക ഡയറക്ടർമാർ. ദക്ഷിണ കൊറിയയിൽ നിന്ന് ഉത്ഭവിച്ച തായ്ക്വോണ്ടോ, കിക്കിങ്ങും പഞ്ചിങ്ങും ഉൾപ്പെടുന്ന ഒരു ആയോധന കലയാണ്, 200 രാജ്യങ്ങളിലായി 20 ദശലക്ഷത്തിലധികം അത്ലറ്റുകൾ ഒളിമ്പിക് കായിക ഇനം കൂടിയായ തായ്ക്വോണ്ടോ പരിശീലിക്കുന്നുണ്ട്.

# അന്താരാഷ്ട്ര കൗശൽ മഹോത്സവ്; രജിസ്ട്രേഷൻ ആരംഭിച്ചു

**കൊച്ചി:** വ്യത്യസ്ത മേഖലകളിലായി അന്താരാഷ്ട്ര തൊഴിൽ അവസരങ്ങൾ രാജ്യത്തെ യുവാക്കൾക്ക് തുറന്ന് നൽകി അവരെ ശാക്തീകരിക്കുന്നതിനായി ദേശീയ തൊഴിൽ നൈപുണ്യ വികസന കോർപ്പറേഷന്റെ കീഴിലുള്ള എൻഎസ്ഡിസി ഇന്റർനാഷണൽ. ഇന്ത്യയിലെ പ്രമുഖ ഇൻ ക്യുബേറ്റഡ് സ്കിൽ യൂണിവേഴ്സിറ്റികളിൽ ഒന്നായ ലാംറിൻ ടെക് സ്കിൽ യൂണിവേഴ്സിറ്റിയുമായി (എൽടിഎസ്യു) കൈ കോർത്ത് അന്താരാഷ്ട്ര കൗശൽ മഹോത്സവ് സംഘടിപ്പിക്കുന്നു. ഇതിനായുള്ള രജിസ്ട്രേഷൻ ആരംഭിച്ചു. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് Kaushal Mahotsav, International || Candidate Portal (nsdcdigital.org) ൽ സൈൻ അപ്പ് ചെയ്യാവുന്നതും തൊഴിൽദായകർക്ക് Kaushal Mahotsav, International || Company Portal (nsdcdigital.org) -ൽ രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

ഇന്ത്യയിലെ യുവ പ്രതിഭാധനരുടെ പ്രൊഫൈൽ ഉയർത്തുവാനും അവരുടെ സാന്നിദ്ധ്യം അന്താരാഷ്ട്ര വിപണികളിൽ മെച്ചപ്പെടുത്തുന്നതിനും വേണ്ടി ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു സംരംഭമാണ് ഇത്. ആഗോള തലത്തിൽ പ്രതിഭാധനരായവർ തൊഴിലിടങ്ങൾ തേടി പോയ്കൊണ്ടിരിക്കുന്ന വേളയിൽ ഇന്ത്യയുടെ നൈപുണ്യമുള്ള തൊഴിൽ പടയെ മറ്റ് നിരവധി ലക്ഷ്യ വിപണികളിലേക്ക് എത്തിച്ചു കൊണ്ട് യുവാക്കൾക്ക് അർത്ഥപൂർണ്ണമായ തൊഴിലവസരങ്ങൾ ലഭ്യമാക്കി തങ്ങളുടെ പ്രതിഭയെ പുനഃസംഘടിപ്പിച്ച് ഇന്ത്യയുടെ സാമ്പത്തിക പുരോഗതിക്ക് ഇത് കുതിപ്പേകുമെന്ന് സംഘാടകർ വ്യക്തമാക്കി.വിവിധ ഘട്ടങ്ങളിലായാണ് അന്താരാഷ്ട്ര കൗശൽ മഹോത്സവം സംഘടിപ്പിക്കുന്നത്. കൗൺസലിങ്ങ്, സൗജന്യ സ്ക്രീനിങ്ങ്, പ്രചോദനം നൽകാനുള്ള സെഷനുകൾ, ഉദ്യോഗാർത്ഥി, ജീവനക്കാർ രജിസ്ട്രേഷൻ, ഭാഷാ പരിക്ഷകൾ, ട്രേഡ് പരിശോധനകൾ, പരിപാടിക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തൽ എന്നിങ്ങനെയുള്ള വിവിധ പരിപാടികളാണ് ഉദ്യോഗാർത്ഥികളുടെ ഹോളിസ്റ്റിക് വികസനത്തിനു വേണ്ടി തയാറാക്കിയിട്ടുള്ള നിരവധി നിർണ്ണായക ഘടകങ്ങളിൽ ചിലത്. നിരവധി അന്താരാഷ്ട്ര തൊഴിൽദായകർ ഈ അന്താരാഷ്ട്ര കൗശൽ മഹോത്സവത്തിൽ പങ്കെടുക്കും. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾക്ക്, അവർ ഏത് വിദ്യാഭ്യാസ പശ്ചാത്തലമുള്ളവരായാലും, രജിസ്ട്രേഷൻ ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തി കഴിഞ്ഞിരിക്കുന്നു.യു എസ് എ, കാനഡ, യു കെ, യൂറോപ്പ്, ജി സി സി, പടിഞ്ഞാറൻ, ദക്ഷിണ ഏഷ്യ, ജപ്പാൻ, ഓസ്ട്രേലിയ, ന്യൂസിലാൻഡ്, കിഴക്കൻ ദക്ഷിണ ഏഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര തൊഴിൽദായകർ പങ്കെടുക്കും. ഓട്ടോമേഷൻ, ലോജിസ്റ്റിക്സ്, ഉൽപ്പാദനം, ഇലക്ട്രോണിക്സ്, വസ്ത്ര വ്യവസായം, വിനോദ സഞ്ചാരം, ആരോഗ്യ പരിപാലനം, ചില്ലറ വ്യാപാരം, ഹോസ്പിറ്റാലിറ്റി, ഫെസിലിറ്റി മാനേജ്മെന്റ്, നിർമ്മാണം, ഭക്ഷ്യ, പാനീയ മേഖല, മറൈൻ, കൃഷി ഹോർട്ടികൾച്ചർ തുടങ്ങി പോർട്ടലിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന വ്യത്യസ്ത മേഖലകളിൽ വിവിധ തൊഴിലുകൾ പ്രസ്തുത സ്ഥാപനങ്ങൾ ലഭ്യമാക്കും.

തൊഴിലിന് അപേക്ഷിക്കുന്നതിനു വേണ്ടി ഉദ്യോഗാർത്ഥികൾക്ക് ഒന്നിലധികം റൗണ്ടുകളിലൂടെ കടന്നു പോകേണ്ടതുണ്ട്. പ്രാഥമികം, അവസാനം, സമാപന ചടങ്ങ് എന്നിവ ഇതിൽ ഉൾപ്പെടുന്നു. അപ്പോൾ തന്നെ തൊഴിൽ വാഗ്ദാനങ്ങൾ ലഭിക്കുന്നതിനായി ഇവയിലൂടെ കടന്നു പോകേണ്ടതുണ്ട്. തെരഞ്ഞെടുക്കപ്പെട്ട് കഴിഞ്ഞശേഷം ഉദ്യോഗാർത്ഥികൾക്ക് അതാത് രാജ്യങ്ങളിലേക്ക് പോകുന്നതിനു മുൻപായുള്ള പരിശീലനം നൽകി സഹായിക്കും. തൊഴിൽ തെരഞ്ഞെടുപ്പ് പ്രക്രിയ ധാർമികമായും സുതാര്യമായുമാണ് സംഘടിപ്പിക്കുക. ആവശ്യമായ പരിശീലനം എൻഎസ്ഡിസി ഇന്റർനാഷണൽ നൽകുന്നതോടൊപ്പം തന്നെ കൗൺസലിങ്ങ്, വിദേശ ഭാഷാ സർട്ടിഫിക്കേഷൻ, തൊഴിൽ നേടിയ ശേഷം ഉദ്യോഗാർത്ഥികൾക്കുള്ള പിന്തുണ എന്നീ സേവനങ്ങളും ലഭ്യമാക്കുമെന്നും സംഘാടകർ വ്യക്തമാക്കി.

# 'ജവാനും മുല്ലപ്പൂവും' ; ട്രെയിലർ പുറത്തിറങ്ങി




**കൊച്ചി:** സുമേഷ് ചന്ദ്രനും ശിവദയും പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന 'ജവാനും മുല്ലപ്പൂവും' എന്ന ചിത്രത്തിന്റെ ഒഫീഷ്യൽ ട്രെയിലർ പുറത്തിറങ്ങി. തമാശ നിറഞ്ഞ ഒരു കുടുംബചിത്രമായിരിക്കും 'ജവാനും മുല്ലപ്പൂവും' എന്ന് ട്രെയിലർ വ്യക്തമാക്കുന്നു. നവാഗതനായ രഘു മേനോനാണ് ചിത്രം സംവിധാനം ചെയ്യുന്നത്. ടെലിവിഷൻ ഷോകളിലൂടെ പ്രേക്ഷകർക്ക് സുപരിചിതനായ സുമേഷ് ചിത്രത്തിൽ ഒരു പട്ടാളക്കാരന്റെ വേഷത്തിലെത്തുന്നു. ജയശ്രീ എന്ന അധ്യാപികയായി ശിവദ വേഷമിടുന്നു. ഇവരുടെ കുടുംബജീവിതത്തെ ചുറ്റിപ്പറ്റിയുള്ള ചിത്രം ജയശ്രീ ടീച്ചറുടെ അതിജീവനത്തിന്റെ കഥ പറയുന്നു. രാഹുൽ മാധവും ചിത്രത്തിൽ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ട്. ക്രിയേറ്റീവ് മൈൻഡ്സിന്റെ ബാനറിൽ വിനോദ് ഉണ്ണിത്താനും സമീർ സേട്ടും ചേർന്നാണ് ചിത്രം നിർമ്മിക്കുന്നത്. സുരേഷ് കൃഷ്ണനാണ് ചിത്രത്തിന്റെ കഥയും തിരക്കഥയും സംഭാഷണവും എഴുതിയിരിക്കുന്നത്.ജവാനും മുല്ലപ്പൂവും മാർച്ച് 31ന് തിയേറ്ററുകളിലെത്തും. ട്രെയിലർ കാണാം https://www.youtube.com/watch?v=3F10-5ZX-4vo

# 2023 എആർആർസി, ടിടിസി: നേട്ടം തുടർന്ന് ഹോണ്ട റേസിങ് ഇന്ത്യ റൈഡർമാർ




**കൊച്ചി:** തായ്ലാൻഡിലെ ചാങ് ഇന്റർനാഷണൽ സർക്യൂട്ടിൽ നടന്ന 2023 എഫ്ഐഎം ഏഷ്യാ റോഡ് റേസിങ് ചാമ്പ്യൻഷിപ്പ് (എആർആർസി) ആദ്യ റൗണ്ടിന്റെ രണ്ടാം റേസിലും നേട്ടം തുടർന്ന് ഐഡിമിത്സു ഹോണ്ട റേസിങ് ഇന്ത്യ ടീം. രണ്ടാം റേസിൽ കാവിൻ ക്വിന്റലും മലയാളി സഹതാരം മൊഹ്സിൻ പറമ്പനും ടീമിനായി പോയിന്റ് നേടി. ഏഷ്യൻ പ്രൊഡക്ഷൻ 250സിസി വിഭാഗത്തിൽ കാവിൻ ക്വിന്റൽ 11ാം സ്ഥാനത്തും, മൊഹ്സിൻ 13ാം സ്ഥാനത്തുമാണ് ഫിനിഷ് ചെയ്തത്. ആദ്യറേസിൽ 15ാം സ്ഥാനം നേടിയ കാവിൻ രണ്ടാം റേസിൽ നേട്ടം മെച്ചപ്പെടുത്തി അഞ്ച് പോയിന്റും നേടി. ഇതോടെ താരത്തിന്റെ ആകെ പോയിന്റ് നേട്ടം ആറായി.21ാം സ്ഥാനത്ത് മത്സരം തുടങ്ങിയ മൊഹ്സിൻ 13ാം സ്ഥാനത്ത് ഫിനിഷ് ചെയ്ത് നിർണായകമായ മൂന്ന് പോയിന്റും നേടി. ആദ്യറേസിൽ 19ാം സ്ഥാനത്തായിരുന്നു ഇരുപതുകാരന്റെ ഫിനിഷിങ്. ആദ്യറൗണ്ട് സമാപിച്ചതോടെ ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്ന ഇന്ത്യയിൽ നിന്നുള്ള ഏക ടീമായ ഹോണ്ട റേസിങ് ഇന്ത്യയുടെ ആകെ പോയിന്റ് സമ്പാദ്യം ഒൻപതായി.തായ്ലാന്റ് ടാലന്റ് കപ്പിന്റെ രണ്ടാം റേസിലും ഹോണ്ടയുടെ ഇന്ത്യൻ യുവറൈഡർ റഹീഷ് ഖത്രി പോയിന്റ് നേട്ടം ആവർത്തിച്ചു. ആദ്യറേസിന് സമാനമായി 11ാം സ്ഥാനത്ത് ഫിനിഷ് ചെയ്ത താരം അഞ്ച് പോയിന്റുകൾ കൂടി കൂട്ടിച്ചേർത്ത് ടീമിന്റെ ആകെ പോയിന്റ് നേട്ടം പത്താക്കി ഉയർത്തി. പരിക്ക് കാരണം സഹതാരം ശ്യാം സുന്ദറിന് രണ്ടാം റേസിലും മത്സരം തുടങ്ങാനായില്ല.എആർആർസിയിലും ടിടിസിയിലും ഒരു പുതിയ ടീമെന്ന നിലയിൽ ഇന്ത്യൻ ടീം എതിരാളികൾക്ക് വലിയ വെല്ലുവിളി ഉയർത്തുകയാണെന്ന് ഹോണ്ട മോട്ടോർസൈക്കിൾ ആൻഡ് സ്കൂട്ടർ ഇന്ത്യയുടെ ബ്രാൻഡ് ആൻഡ് കമ്മ്യൂണിക്കേഷൻ ഓപ്പറേറ്റിങ് ഓഫീസ് പ്രഭു നാഗരാജ് പറഞ്ഞു. തായ്ലൻഡ് റൗണ്ട് ഒരു നീണ്ട സീസണിന്റെ തുടക്കം മാത്രമാണ്. മലേഷ്യയിൽ നടക്കുന്ന അടുത്ത റൗണ്ടിലേക്ക് ടീം കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# പ്രാഥമിക പ്രമേഹം:ഗവേഷക പഠന റിപ്പോർട്ട് പുറത്ത്



**കൊച്ചി:** മുഖ്യഭക്ഷണത്തിനു മുമ്പ് ബദാം കഴിക്കുന്നത് പ്രാഥമിക പ്രമേഹമുള്ള (പ്രമേഹത്തിന് തൊട്ട് മുമ്പുള്ള അവസ്ഥ) വ്യക്തികളിൽ രക്തത്തിലെ പഞ്ചസാരയുടെ തോത് മെച്ചപ്പെടുത്തുമെന്ന് ഗവേഷക പഠനം. മുഖ്യ ഭക്ഷണത്തിനു മുമ്പ് അൽപ്പം ബദാം കഴിക്കുന്നതിലൂടെ രക്തത്തിലെ പഞ്ചസാരയുടെ നിയന്ത്രണം മെച്ചപ്പെടുകയും, 12 ആഴ്ച്ചകളിൽ നാലിൽ ഒരാളിൽ പ്രാഥമിക പ്രമേഹം നേർവിപരീതമാവുകയും ചെയ്തതായി പ്രാഥമിക പ്രമേഹത്തോടൊപ്പം അമിതഭാരം/അമിതവണ്ണം ഉള്ളവരുമായ ഇന്ത്യക്കാരിൽ നടത്തിയ രണ്ട് പുതിയ പഠനങ്ങളിൽ നിന്നും കണ്ടെത്തിയതായി റിപ്പോർട്ട്. കാലിഫോർണിയയിലെ ആൽമണ്ട് ബോർഡിന്റെ ധനസഹായത്തോടെ നടന്ന റാൻഡമൈസ് ചെയ്ത നിയന്ത്രിത പരീക്ഷണങ്ങളായിരുന്നു ഇരു പഠനങ്ങളും. ഭക്ഷണക്രമ തന്ത്രത്തിന്റെ ഭാഗമെന്ന നിലയിൽ ബദാമുകൾ രക്തത്തിലെ ഗ്ലൂക്കോസിന്റെ തോതുകളെ നിയന്ത്രിക്കുവാൻ സഹായിക്കുന്ന ഒരു നിർണായക ഘടകമാണെന്ന് ഈ പഠനത്തിൽ നിന്നുള്ള ഫലങ്ങൾ സൂചിപ്പിക്കുന്നുവെന്ന് ന്യൂഡൽഹിയിലെ ഫോർട്ടിസ്സിഡിഒസി സെന്റർ ഓഫ് എക്സലൻസ് ഫോർ ഡയബറ്റീസ്, മെറ്റബോളിക് ഡിസീസസ്, എൻഡോക്രിനോളജിയിലെ പ്രൊഫസറും ചെയർമാനുമായ മുഖ്യ ഗവേഷകൻ ഡോക്ടർ അ

# എറണാകുളം മെഡിക്കൽ കോളജ്: ടോക്കൺ കൗണ്ടറുകൾ സ്ഥാപിച്ചു



**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒ പി, ഫാർമസി കൗണ്ടറുകളിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തി.ഒ പി, ഫാർമസി കൗണ്ടറുകളിൽ ഉണ്ടാകുന്ന നീണ്ട ക്യൂ ഒഴിവാക്കുന്നതിനും സേവനങ്ങൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും വേണ്ടിയാണു ടോക്കൺ സിസ്റ്റം സ്ഥാപിച്ചിട്ടുള്ളത്.ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഫണ്ടിൽ നിന്നും, മൈനർ വർക്ക് പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവിട്ടാണ് ടോക്കൺ മെഷീനുകൾ വാങ്ങിയിട്ടുള്ളത്. നിത്യേന ആശുപത്രി ഒ. പി യിൽ വരുന്ന ആയിരത്തി അഞ്ഞൂറിലധികം രോഗികൾക്കും മരുന്ന് വാങ്ങുന്നവർക്കും വളരെ പ്രയോജനപ്രദമാണ് ഈ സംവിധാനം.മുതിർന്ന പൗരന്മാർ, കുട്ടികൾ, ഗർഭിണികൾ, വികലാംഗർ എന്നിവർക്കുള്ള പ്രത്യേക പരിഗണനയും ടോക്കൺ സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

# മണൽപ്പരപ്പിനെ മണൽത്തരിയിലേക്ക് പരാവർത്തനം ചെയ്യുന്ന അദ്ഭുതം: ബിനാലെവേദിയിൽ കെ ആർ മീര



**കൊച്ചി:** ഒരു കഥയെ ഒരു ക്യാൻവാസിലേക്ക് നിറക്കൂട്ടിൽ ആവാഹിക്കുമ്പോൾ ഒരു മണൽപ്പരപ്പിനെ  ഒരു മണൽത്തരിയിലേക്ക്, ഒരു മരത്തെ ഒരിലയിലേക്ക് ഒക്കെ പരാവർത്തനം ചെയ്യുന്ന അദ്ഭുതകരമായ രീതിയായയാണ് തനിക്ക് അനുഭവപ്പെടുന്നതെന്ന് എഴുത്തുകാരി കെ ആർ മീര.  വായനയുടെ ഒരു ആറ്റിക്കുറുക്കിയെടുത്ത ഒരംശമാണ് ഓരോ ചിത്രവും. ഫോർട്ട്കൊച്ചി കബ്രാൾയാർഡിലെ ബിനാലെ വേദിയിൽ സംഘടിപ്പിച്ച ’അക്ഷരാർട്ഥം’ ജലച്ചായ ക്യാമ്പിൽ തന്റെ കഥകളെ ആസ്പദമാക്കി വരഞ്ഞ വർണചിത്രങ്ങൾ ആസ്വദിച്ച ശേഷം പ്രതികരിക്കുകയായിരുന്നു അവർ. കെ  ആർ മീരയുടെ ’മോഹമഞ്ഞ’, ’സർപ്പയജ്ഞം’, ’ഏകാന്തതയുടെ നൂർ വർഷങ്ങൾ’ എന്നീ കഥകൾ പ്രമേയമാക്കി ബിനാലെ ചിത്രകാരി ഇ എൻ ശാന്തി ഉൾപ്പെടെ 20 പ്രമുഖ കലാകൃത്തുക്കളാണ് നിറങ്ങൾ ചാലിച്ച് ദൃശ്യങ്ങളൊരുക്കിയത്. ബിനാലെ ഫൗണ്ടേഷൻ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരിയും കഥാകൃത്തിനൊപ്പം സന്നിഹിതനായി. തുടർന്ന് ബിനാലെ പവിലിയനിൽ കലാകൃത്തുക്കളുമായി എഴുത്തുകാരി സംവദിച്ചു. ക്യാമ്പ് ഡയറക്ടർ സുനിൽ ലിനസ് ഡെ ആമുഖ അവതരണം നടത്തി.കഥകളുടെ ആത്മാവ് അറിഞ്ഞ് വരച്ചു എന്നത് വലിയ അംഗീകാരമായി കരുതുന്നുവെന്ന് മീര പറഞ്ഞു. പ്രതീക്ഷിക്കാത്തവിധം വളരെ മനോഹരമായ ചിത്രങ്ങളാണ് ആവിഷ്കൃതമായത്. ഇത് ആദ്യാനുഭവമാണ്. ചിത്രണത്തിനു വേറൊരു തരം വായനയുമുണ്ട്. ഒരുചിത്രവും കഥയും തമ്മിൽ ഭാവനയുടെ ഒരു പരിസരത്ത് വച്ചു കണ്ടുമുട്ടുകയും കൂടിക്കലരുകയും ഒന്നു മറ്റൊന്നായി തീരുകയും ചെയ്യുന്നുണ്ട്. വാങ്മയ ചിത്രമാണ് കഥയിൽ അല്ലെങ്കിൽ കവിതയിലൂടെ വരുന്നതെന്ന് എല്ലാവരും പറയാറുണ്ട്. എവിടെയോ വച്ച് ഏതോ കാലത്ത് താൻ കണ്ട കാഴ്ച വാക്കുകളിലൂടെ ഞാൻ ആവിഷ്കരിച്ചത് രണ്ടാമതൊന്ന് പരാവർത്തനം ചെയ്തെടുത്തിരിക്കുകയാണ് ഇവിടെ വർണങ്ങളിലൂടെ. ചിലത് വ്യത്യസ്തവുമാണ്.ഇല്ലസ്ട്രേഷനുകളിൽ നിന്ന് വ്യതിരിക്തമാണ് ക്യാമ്പിലെ ഈ ചിത്രങ്ങൾ. ഓരോ കഥയെയും കലാകൃത്തുക്കൾ ഉൾക്കൊണ്ട രീതി കൂടി ഇവിടെ വരുന്നുണ്ട്. ഇത് വേറിട്ടൊരു ആസ്വാദനമാണ്. ഒരു ആർട്ടിസ്റ്റ് കഥ വായിച്ചതെങ്ങനെ എന്നാണ് ഇവയിൽ നിന്ന് താൻ മനസ്സിലാക്കുന്നത്.  ഒരു കഥയിൽ നിന്നെടുക്കുന്ന അന്തസത്തയുടെ ദൃശ്യമാണിത്. ഇല്ലസ്ട്രേഷനിലും ഉൾക്കൊള്ളലും സ്വാംശീകരണവുമൊക്കെ നടക്കുന്നുണ്ടെങ്കിലും അതിൽനിന്നെല്ലാം വ്യത്യസ്തമായി കാണുന്നത് ഇതാണ്. കഥയിൽ എന്താണോ പറയാൻ ആഗ്രഹിച്ചത്, അത് വേറൊരു രീതിയിൽ വർണ്ണങ്ങൾ വാക്കുകളാക്കി പറയാനുള്ള ശ്രമമാണല്ലോ ചിത്രങ്ങൾ. ആ രീതിയിൽ ഓരോ ചിത്രണവും അദ്ഭുതപ്പെടുത്തുന്നു. ഭാവന ഉരുവപ്പെടുന്നത് ഒക്കെ ഒരേ ഇടത്തുനിന്നാണെന്ന്  തോന്നുന്ന തരത്തിലുള്ള സംഗതികളാണ് ഇതെല്ലം.എഴുതുന്ന ആളെ സംബന്ധിച്ച് ഏറ്റവും വലിയ ഭാഗ്യമെന്നു പറയുന്നത്, ഏതൊക്കെ രീതിയിൽ വായിക്കപ്പെടുന്നു എന്നതാണ്. ഒരു കഥ, വാക്ക്, പ്രയോഗം, മറ്റൊരു കലാഹൃദയത്തെ സ്പർശിക്കുന്നു, ഉത്തേജിപ്പിക്കുന്നു മറ്റൊരുതരം കലാസൃഷ്ടിയിലേക്ക് നയിക്കുന്നു എങ്കിൽ അതാണ് ഏറ്റവും പ്രധാനമെന്നും കെ ആർ മീര അഭിപ്രായപ്പെട്ടു. വെറ്റ്പാലറ്റ്  ആർട്ട് ഗ്രൂപ്പിന്റെയും എബിസി ആർട്ട്റൂമിന്റെയും സഹകരണത്തോടെയാണ് ’അക്ഷരാർട്ഥം’ ക്യാമ്പ് സംഘടിപ്പിച്ചത്.

# തൊഴിൽ മേള സംഘടിപ്പിച്ചു

**ആലപ്പുഴ:** അഭ്യസ്ത വിദ്യരായ തൊഴിലന്വേഷകർക്ക്, മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന യുവജന കമ്മീഷൻ മാന്നാർ നായർസമാജം ഹയർസെക്കന്ററി സ്കൂളിൽ തൊഴിൽ മേള ’കരിയർ എക്സ്പോ 23’ സംഘടിപ്പിച്ചു. യുവജനകാര്യ മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. യുവജന കമ്മിഷൻ ചെയർപേഴ്സൺ ഡോ. ചിന്താ ജെറോം അധ്യക്ഷത വഹിച്ചു. എഴുപതിലധികം കമ്പനികൾ പങ്കെടുത്ത എക്സ്പോയിൽ ഒട്ടേറെ തൊഴിലവസരങ്ങൾ അവതരിപ്പിച്ചു. യുവജന കമ്മിഷൻ ഈ മാസം സംഘടിപ്പിക്കുന്ന മൂന്നാമത്ത തൊഴിൽ മേളയാണിത്.

യുവജന കമ്മിഷൻ അംഗങ്ങളായ അഡ്വ.ആർ രാഹുൽ, പി.എ. സമദ്, ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജെബിൻ പി.വർഗ്ഗീസ്, മാന്നാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ടി.വി.രത്നകുമാരി, ജില്ലാ പഞ്ചായത്ത് അംഗം വത്സല, മാന്നാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് സുനിൽ ശ്രദ്ധേയം, ബ്ലോക്ക് പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ബി.കെ. പ്രസാദ്, ബ്ലോക്ക് പഞ്ചായത്ത് അംഗം അനിൽ എസ്. അമ്പിളി, നായർ സമാജം ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ വി. മനോജ്, യുവജനക്ഷേമ ബോർഡ് ജില്ലാ കോ ഓർഡിനേറ്റർ  ജയിംസ് ശാമുവൽ, അവളിടം ജില്ലാ കോ ഓർഡിനേറ്റർ രമ്യാ രമണൻ, ഗ്രീൻ യൂത്ത് കോഓർഡിനേറ്റർ എ.ആർ. കണ്ണൻ, യുവജന കമ്മിഷൻ ജില്ലാ കോ ഓർഡിനേറ്റർ സി. ശ്യാം കുമാർ തുടങ്ങിയവർ സംസാരിച്ചു.

# കയർ ബോർഡ് എക്സ്പോ സംഘടിപ്പിച്ചു



**കൊച്ചി:** സൂക്ഷ്മ ചെറുകിട ഇടത്തര വ്യവസായ മന്ത്രാലയത്തിന്റെ സഹകരണത്തോടെ 4 ദിവസത്തെ എക്സ്പോ സംഘടിപ്പിച്ച് കയർ ബോർഡ്. കയർ കയർ ഉത്പന്നങ്ങൾ എന്നിവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച എക്സ്പോ  ഡി കുപ്പുറമു ജി (ചെയർമാൻ കയർ ബോർഡ്), ലക്ഷ്മണ എസ്, ഐഎഎസ് (സെക്രട്ടറി, വ്യവസായ മന്ത്രി, അസം ഗവ.), ജിതേന്ദ്ര കുമാർ ശുക്ല (സെക്രട്ടറി കയർ ബോർഡ്) ചേർന്നു ഉദ്ഘാടനം നിർവ്വഹിച്ചു.രാജ്യത്തെ കയർ വ്യവസായത്തിന്റെ  സുസ്ഥിര വികസനത്തിനായി ഇന്ത്യാ ഗവൺമെന്റ് 1953 ലെ കയർ ഇൻഡസ്ട്രി ആക്ട് പ്രകാരമാണ് കയർ ബോർഡ് സ്ഥാപിച്ചത്. ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന എല്ലാവരുടെയും ശാസ്ത്രീയവും സാങ്കേതികവും സാമ്പത്തികവുമായ  പ്രവർത്തനങ്ങൾ ഏറ്റെടുക്കുക, സഹായിക്കുക, പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ബോർഡിന്റേ ലക്ഷ്യം.  ആധുനികവൽക്കരണം, ഗുണനിലവാരം മെച്ചപ്പെടുത്തൽ, മാനവ വിഭവശേഷി വികസനം, വിപണി പ്രോത്സാഹനം, ക്ഷേമം എന്നിവയും ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. മാർച്ച് 23 ന് ഗുവാഹത്തിയിൽ തുടക്കമിട്ട എക്സ്പോ ഇന്നലെ അവസാനിച്ചു.


